സുനാമി അടിയന്തര പ്രതികരണ പദ്ധതി

(Tsunami Emergency Response Plan)

പുറക്കാട് ഗ്രാമപഞ്ചായത്ത്

ആലപ്പുഴ ജില്ല

2026

ഉള്ളടക്കം

1. ആമുഖം.....1

1.1 സുനാമി അടിയന്തര പ്രതികരണ പദ്ധതി - ലക്ഷ്യങ്ങളും നടത്തിപ്പ് ചുമതലകളും.....2

1.1.1 പദ്ധതിയുടെ ലക്ഷ്യങ്ങൾ (Objectives).....2

1.1.2 പദ്ധതിയുടെ നടത്തിപ്പ് ചുമതലകൾ.....3

2. അപകടസാധ്യതാ വിലയിരുത്തലും ഭൂപടങ്ങളും.....4

2.1 ഗ്രാമപഞ്ചായത്ത്: ഒരു അവലോകനം.....4

2.1.1 അതിരുകൾ.....4

2.1.2 ജനസംഖ്യാ വിവരങ്ങൾ (2011 സെൻസസ്).....5

2.1.3 ചരിത്രവും ഭൂപ്രകൃതിയും.....6

2.2 സുനാമി അപകട മേഖലയുടെ വിവരണം.....8

2.3 അപകടസാധ്യതാ വിവരങ്ങൾ (Risk Knowledge).....11

2.4 സുനാമി ഒഴിപ്പിക്കൽ പദ്ധതിയും ഭൂപടങ്ങളും (Evacuation Plan & Maps).....12

2.4.1 സുരക്ഷിത കേന്ദ്രങ്ങൾ (Shelter Locations).....13

2.4.2 അസംബ്ലി ഏരിയകൾ (Assembly Areas).....13

2.4.3 അടിയന്തര ഒഴിപ്പിക്കൽ മാർഗ്ഗങ്ങൾ (Evacuation Routes).....13

2.5. INCOIS മുന്നറിയിപ്പ് സന്ദേശങ്ങൾ.....14

2.6 ഡിജിറ്റൽ മാപ്പ് ലൊക്കേഷൻ / ക്യു.ആർ കോഡ് 14

3.സുനാമി മുന്നറിയിപ്പും പ്രചാരണ സംവിധാനവും 16

3.1 മുന്നറിയിപ്പ് ലഭിക്കുന്ന പ്രധാന ഉറവിടങ്ങളും വിവരവിനിമയ ശൃംഖലയും.....16

3.1.1 പ്രധാന മുന്നറിയിപ്പ് ഉറവിടങ്ങൾ (Primary Nodal Agencies).....16

3.1.2 സംസ്ഥാന-ജില്ലാ തല വിനിമയ ശൃംഖല (EOC Cascade Mechanism).....17

3.2 ആശയവിനിമയ സംവിധാനങ്ങളും സന്ദേശ വിതരണ മാർഗ്ഗങ്ങളും.....18

3.2.1 സാങ്കേതികവും അടിയന്തരവുമായ വിനിമയ മാർഗ്ഗങ്ങൾ.....18

3.2.2 പൊതുജനങ്ങളിലേക്ക് സന്ദേശമെത്തിക്കുന്ന ഉപാധികൾ.....19

3.3 പൊതുജനങ്ങൾ തിരിച്ചറിയേണ്ട പ്രകൃതിദത്ത മുന്നറിയിപ്പ് സൂചനകൾ.....21

4.ഒഴിപ്പിക്കൽ നടപടിക്രമങ്ങളും മാർഗ്ഗങ്ങളും.....22

4.1 ഒഴിപ്പിക്കൽ രീതി (Evacuation Methodology).....22

4.2 ഒഴിപ്പിക്കൽ ആരംഭിക്കേണ്ട സാഹചര്യങ്ങൾ 23

4.3 ഒഴിപ്പിക്കൽ മാർഗ്ഗങ്ങളും ഭൂപടവും (Evacuation Routes).....23

4.4 പ്രധാന സുരക്ഷിത സംഗമ കേന്ദ്രങ്ങൾ (Primary Safe Shelters).....24

4.4.1 അടിയന്തര ഒഴിപ്പിക്കൽ മാർഗ്ഗങ്ങൾ.....26

4.5 പ്രത്യേക സഹായം ആവശ്യമായ വിഭാഗങ്ങൾ (Vulnerable Groups).....29

4.5.1. സഹായ സംവിധാനങ്ങൾ.....29

4.6 സുരക്ഷിത കേന്ദ്രങ്ങളിലെ നടപടിക്രമങ്ങളും ക്രമീകരണങ്ങളും.....30

5. അടിയന്തര ചുമതലകളും ഉത്തരവാദിത്തങ്ങളും.....31

5.1 IRS അടിസ്ഥാനത്തിലുള്ള കമാൻഡ് & ഏകോപന സംവിധാനം.....31

5.2 അടിയന്തര പ്രതികരണ ടീമുകളുടെ ക്രമീകരണവും ചുമതലകളും.....31

5.2.1 അടിയന്തര പ്രതികരണ സേന (Emergency Response Team – ERT).....31

5.2.2 IRS പിന്തുണാ/ഏകോപന സംവിധാനങ്ങൾ.....33

5.3 പ്രധാന ഉദ്യോഗസ്ഥരുടെയും നോഡൽ ഓഫീസർമാരുടെയും വിവര പട്ടിക.....37

5.4 അടിയന്തരഘട്ട നിർവ്വഹണ പ്രോട്ടോക്കോൾ (Implementation Protocol).....39

6.ദുരന്താനന്തര നടപടികൾ.....41

6.1 അപകടം അവസാനിച്ചതിനുശേഷമുള്ള നടപടിക്രമം (All-Clear Protocol).....41

6.2 ദുരന്താനന്തര പുനരധിവാസ പ്രവർത്തനങ്ങൾ (Post-Disaster Recovery & Rehabilitation).....42

7. സജ്ജീകരണങ്ങളും പരിശീലനങ്ങളും.....43

7.1. സജ്ജീകരണങ്ങളും പരിശീലനങ്ങളും അവലോകനവും.....43

7.2 പുറക്കാട് പഞ്ചായത്ത്: പരിശീലനങ്ങളും മോക്ക് ഡ്രില്ലുകളും.....44

ശുപാർശകൾ.....49

അവലംബം 50

Table List:

Table 1.1 ബന്ധപ്പെടേണ്ട പ്രധാന ഉദ്യോഗസ്ഥനും അടിയന്തര ഫോൺ നമ്പറും.....3

Table 2.1 സുനാമി അപകട മേഖലയിലെ പ്രധാന വിവരങ്ങൾ:.....11

Table 4.1 പ്രധാന സുരക്ഷിത സംഗമ കേന്ദ്രത്തിന്റെ പേര് & ഒഴിപ്പിക്കൽ രീതി.....24

Table 5.1: ജില്ലാ - താലൂക്ക് തലത്തിലുള്ള IRS ഘടന (source:ഓറഞ്ച് ബുക്ക് 2021).....35

Table 5.2: ജില്ലാ തലത്തിലുള്ള IRS ഘടന – ആലപ്പുഴ ജില്ലാ (source: IRS Handbook -KSDMA).....36

Table 5.3: താലൂക്ക് തലത്തിലുള്ള IRS ഘടന –അമ്പലപ്പുഴ താലൂക്ക് (source: IRS Handbook -KSDMA).....37

Table5.4: അടിയന്തര പ്രതികരണങ്ങൾ ഏകോപിപ്പിക്കുന്ന പ്രധാന ഭാരവാഹികളുടെ ചുമതലകളും വിവരങ്ങളും.....37

Figure List:

Fig 2.1. പുറക്കാട് ഗ്രാമപഞ്ചായത്ത് ഭൂപടം.....5

Fig: 2.2: സുനാമി അപകട മേഖല ഭൂപടം.....10

Fig. 2.3. സുനാമി സാധ്യത വിവരം : പുറക്കാട് പഞ്ചായത്ത്.....15

Fig.3.1 പുറക്കാട് ഗ്രാമപഞ്ചായത്തിന് സമീപമുള്ള KaWaCHaM സൈറണുകളുടെ സ്ഥാനം.....19

അധ്യായം 1

ആമുഖം

(Introduction)

സുനാമി പോലുള്ള തീരദേശ ദുരന്തങ്ങൾ മനുഷ്യജീവിതത്തിനും സ്വത്തിനും ഉപജീവനമാർഗങ്ങൾക്കും ഗുരുതരമായ നാശനഷ്ടങ്ങൾ ഉണ്ടാക്കാൻ സാധ്യതയുണ്ട്. 2004-ലെ ഇന്ത്യൻ മഹാസമുദ്ര സുനാമിക്ക് ശേഷം തീരദേശ സമൂഹങ്ങളുടെ ദുരന്ത തയ്യാറെടുപ്പിന്റെ പ്രാധാന്യം ലോകമെമ്പാടും കൂടുതൽ ശ്രദ്ധിക്കപ്പെട്ടു. ഈ സാഹചര്യത്തിലാണ് അന്തർസർക്കാർ സമുദ്രശാസ്ത്ര കമ്മീഷൻ (IOC-UNESCO) "സുനാമി റെഡി" (Tsunami Ready) എന്ന പരിപാടി ആരംഭിച്ചത്.

സുനാമി ഭീഷണി നേരിടുന്ന തീരദേശ സമൂഹങ്ങൾ സുനാമിയെക്കുറിച്ച് അറിവുള്ളവരും, മുന്നറിയിപ്പ് ലഭിക്കുമ്പോൾ എങ്ങനെ പ്രതികരിക്കണമെന്ന് അറിയുന്നവരും, സുരക്ഷിതമായി ഒഴിപ്പിക്കപ്പെടാൻ തയ്യാറായവരുമാകുക എന്നതാണ് ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം. സുനാമിയുടെ അപകടസാധ്യത കുറയ്ക്കുകയും സമൂഹത്തിന്റെ ദുരന്ത പ്രതിരോധശേഷി വർധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഇന്ത്യയിൽ ഈ പദ്ധതിയുടെ സാങ്കേതിക ഏകോപനം ദേശിയ സമുദ്രവിവര വിശകലന കേന്ദ്രം(INCOIS) നിർവഹിക്കുന്നു. കേരളത്തിൽ കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി (KSDMA), ജില്ലാ ദുരന്തനിവാരണ അതോറിറ്റി (DDMA), തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, സന്നദ്ധ പ്രവർത്തകർ, പ്രാദേശിക സമൂഹം എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഈ പദ്ധതി ദുരന്തസാധ്യത കുറയ്ക്കുന്നതിനുള്ള ആഗോള പ്രവർത്തനരേഖയായ സെൻഡായ് ഫ്രെയിംവർക്ക് ഫോർ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ (SFDRR 2015–2030) ന്റെ ലക്ഷ്യങ്ങളോടും ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളോടും (Sustainable Development Goals - SDGs) യോജിച്ചാണ് പ്രവർത്തിക്കുന്നത്. പ്രത്യേകിച്ച് ദുരന്തസാധ്യത കുറയ്ക്കൽ, പ്രതിരോധശേഷിയുള്ള സമൂഹങ്ങളുടെ രൂപീകരണം, സുരക്ഷിതവും സുസ്ഥിരവുമായ മനുഷ്യവാസ കേന്ദ്രങ്ങളുടെ വികസനം എന്നിവ കൈവരിക്കുന്നതിന് സുനാമി റെഡി പദ്ധതി സഹായകമാകുന്നു.

യുനെസ്കോ/ഐഒസി(UNESCI/IOC) സുനാമി റെഡി റെക്കഗ്നിഷൻ പ്രോഗ്രാമിന്റെ ഭാഗമായി(TRRP) ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമപഞ്ചായത്തിനായി തയ്യാറാക്കിയിരിക്കുന്ന ഈ സുനാമി ഒഴിപ്പിക്കൽ പദ്ധതി, സുനാമി മുന്നറിയിപ്പ്

ലഭിക്കുന്ന സാഹചര്യത്തിൽ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും, ഫലപ്രദമായ ഒഴിപ്പിക്കൽ, രക്ഷാപ്രവർത്തനം, ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്നിവ ഏകോപിപ്പിക്കുന്നതിനുമുള്ള മാർഗരേഖയായി പ്രവർത്തിക്കും. ഈ പദ്ധതി സമൂഹ അധിഷ്ഠിത ദുരന്ത തയ്യാറെടുപ്പിനെയും പ്രാദേശിക തലത്തിലുള്ള പ്രതിരോധശേഷി വർധനവിനെയും ശക്തിപ്പെടുത്തുന്നതിനുള്ള ഒരു പ്രവർത്തന രേഖയാണ്.

1.1 സുനാമി അടിയന്തര പ്രതികരണ പദ്ധതി - ലക്ഷ്യങ്ങളും നടത്തിപ്പ് ചുമതലകളും

1.1.1 പദ്ധതിയുടെ ലക്ഷ്യങ്ങൾ (Objectives):

ഗ്രാമ പഞ്ചായത്തിൻറെ ദുരന്ത പ്രതികരണ ശേഷി വർദ്ധിപ്പിക്കുന്നതിനായി സജ്ജമാക്കിയ ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ:

1. **ദുരന്ത സാധ്യത കുറയ്ക്കൽ:** സുനാമി, കടലാക്രമണം മുതലായ ദുരന്ത സാധ്യത പ്രദേശങ്ങൾ കൃത്യമായി അടയാളപ്പെടുത്തി അടിയന്തര പ്രതിരോധ പദ്ധതി രൂപീകരിക്കുക.
2. **ജീവനക്കാരുടെയും പൊതുജനങ്ങളുടെയും സുരക്ഷ:** സുനാമി മുന്നറിയിപ്പ് ലഭിച്ചാൽ സുരക്ഷിതമായി ആളുകളെ ഒഴിപ്പിക്കുന്നതിന് മുൻകൂട്ടിയുള്ള വഴികളും (Evacuation Routes) സുരക്ഷിത കേന്ദ്രങ്ങളും (Safe Shelters) നിശ്ചയിക്കുക.
3. **സമൂഹ അധിഷ്ഠിത സന്നദ്ധത (Community Preparedness):** കൃത്യമായ ബോധവൽക്കരണം, മോക്ക് ഡ്രില്ലുകൾ (Mock Drills) എന്നിവയിലൂടെ ഗ്രാമപഞ്ചായത്ത് നിവാസികളിൽ ദുരന്ത പ്രതികരണ ശേഷി ഉറപ്പാക്കുക.
4. **അന്താരാഷ്ട്ര മാനദണ്ഡങ്ങളും അംഗീകാരവും കൈവരിക്കൽ:** UNESCO/IOC പ്രഖ്യാപിച്ച സുനാമി റെഡി അംഗീകാരത്തിന്റെ 12 പ്രധാന മാനദണ്ഡങ്ങൾ പൂർണ്ണമായും നടപ്പിലാക്കുക. ഇതുവഴി പുറക്കാട് ഗ്രാമപഞ്ചായത്തിന് അന്താരാഷ്ട്ര തലത്തിൽ ഔദ്യോഗിക അംഗീകാരം (International Recognition) ലഭ്യമാകുകയും സുനാമി റെഡി സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്യുന്നു.

1.1.2 പദ്ധതിയുടെ നടത്തിപ്പ് ചുമതലകൾ

സുനാമി റെഡി പദ്ധതി പ്രാദേശികമായി നടപ്പിലാക്കുന്നതിനുള്ള ചുമതല അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. പുറക്കാട് ഗ്രാമപഞ്ചായത്തിനാണ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രഥമ ഉത്തരവാദിത്വം. ആലപ്പുഴ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി (KSDMA) എന്നിവരുടെ സാങ്കേതിക പിന്തുണയോടെയാണ് ഗ്രാമപഞ്ചായത്തിൻറെ നേതൃത്വത്തിൽ പദ്ധതി നടപ്പിലാക്കുക. ദുരന്തനിവാരണ നിയമം, 2005 (ഭേദഗതി 2025), കേരള സംസ്ഥാന ദുരന്തനിവാരണ ചട്ടങ്ങൾ 2007, കേരള സംസ്ഥാന ദുരന്തനിവാരണ പദ്ധതി 2026, ജില്ലാ ദുരന്തനിവാരണ പദ്ധതി, ദുരന്ത നിവാരണത്തിനുള്ള ഓറഞ്ച് ബുക്ക് എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ സുനാമി പ്രതികരണ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഗ്രാമപഞ്ചായത്ത്, ജില്ലാ ഭരണകൂടം, വിവിധ സർക്കാർ വകുപ്പുകൾ, ദുരന്തനിവാരണ സംവിധാനങ്ങൾ, സന്നദ്ധ പ്രവർത്തകർ, പ്രാദേശിക സമൂഹം എന്നിവരുടെ ഏകോപിത പ്രവർത്തനത്തിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുക.

Table 1.1 ബന്ധപ്പെടേണ്ട പ്രധാന ഉദ്യോഗസ്ഥനും അടിയന്തര ഫോൺ നമ്പറും:

ഉദ്യോഗസ്ഥൻ / സ്ഥാപനം	ഫോൺ നമ്പർ
പഞ്ചായത്ത് പ്രസിഡന്റ്	9746468847
സെക്രട്ടറി	9496043653
അടിയന്തര പ്രവർത്തന കേന്ദ്രം / പഞ്ചായത്ത് ഓഫീസ്	04772272031
വില്ലജ് ഓഫീസർ	9447706493
താലൂക്ക് ഇ .ഒ.സി	0477 2253771
ജില്ലാ ദുരന്തനിവാരണ അതോറിറ്റി	0477 2238630, 9495003640
കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി	0471 2778855,1079

അധ്യായം 2

അപകടസാധ്യതാ വിലയിരുത്തലും ഭൂപടങ്ങളും

(Hazard Risk Assessment and Maps)

2.1 1 ഗ്രാമപഞ്ചായത്ത്: ഒരു അവലോകനം

- ഗ്രാമപഞ്ചായത്തിന്റെ പേര് : പുറക്കാട് ഗ്രാമപഞ്ചായത്ത്
- വിസ്തീർണ്ണം : 21.09 ച.കി.മീ.
- ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ :10ആം നംബർ വാർഡ് ഡിവിഷൻ,പുറക്കാട്
- ജില്ലാ പഞ്ചായത്ത് ഡിവിഷൻ :26 പുറക്കാട് ഡിവിഷൻ
- ബ്ലോക്ക് പഞ്ചായത്ത് :അമ്പലപ്പുഴ ബ്ലോക്ക്
- ജില്ല പഞ്ചായത്ത് : ആലപ്പുഴ ജില്ല
- താലൂക്ക് : അമ്പലപ്പുഴ
- വില്ലേജ് : പുറക്കാട്
- അസംബ്ലി മണ്ഡലം : അമ്പലപ്പുഴ
- ലോക്സഭാ മണ്ഡലം **:** ആലപ്പുഴ മണ്ഡലം
- വാർഡ് :17

2.1.1 അതിരുകൾ:

വടക്ക് **:** അമ്പലപ്പുഴ ഗ്രാമപഞ്ചായത്ത്

തെക്ക് **:** ത്രിക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്

കിഴക്ക് **:** കരുവാറ്റ,തകഴി ഗ്രാമപഞ്ചായത്ത്

പടിഞ്ഞാറ് **:** അറബിക്കടൽ

2.1.2 ജനസംഖ്യാ വിവരങ്ങൾ (2011 സെൻസസ്)

- ആകെ ജനസംഖ്യ : 29437
  - പുരുഷന്മാർ : 14378
  - സ്ത്രീകൾ : 15059
- പട്ടികജാതി ജനസംഖ്യ: SC-Total-450, ST-Total:10
- ആകെ വീടുകൾ : 7219
- ജനസാന്ദ്രത : 1389 / ച.കി.മീ.



Fig 2.1. പുറക്കാട് ഗ്രാമപഞ്ചായത്ത് ഭൂപടം

2.1.3 ചരിത്രവും ഭൂപ്രകൃതിയും

- **ചരിത്രം:** പുറക്കാട് ഗ്രാമപഞ്ചായത്ത് ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിൽ സ്ഥിതിചെയ്യുന്ന ഒരു തീരദേശ ഗ്രാമപഞ്ചായത്താണ്. അറബിക്കടലിനോട് ചേർന്നുള്ള ഭൂപ്രദേശവും കായലുകളും ജലാശയങ്ങളും പാടശേഖരങ്ങളും ഉൾപ്പെടുന്ന ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാണ് പഞ്ചായത്തിന്റെ പ്രധാന സവിശേഷതകൾ. മത്സ്യബന്ധനം, കൃഷി, കയർ വ്യവസായം തുടങ്ങിയ പരമ്പരാഗത തൊഴിലുകൾ പഞ്ചായത്തിന്റെ സാമൂഹിക-സാമ്പത്തിക ജീവിതത്തിൽ ചരിത്രപരമായി പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

  പുറക്കാട് എന്ന പ്രദേശത്തിന് പുരാതനകാലം മുതൽ തന്നെ കടൽവ്യാപാരവുമായി ബന്ധപ്പെട്ട ചരിത്രപശ്ചാത്തലമുണ്ട്. പുരാതന കാലത്ത് പുറക്കാട് ഒരു പ്രധാന തുറമുഖ പ്രദേശമായിരുന്നുവെന്നും വിദേശ രാജ്യങ്ങളുമായും കേരളത്തിന്റെ മറ്റു തീരദേശ പ്രദേശങ്ങളുമായും വ്യാപാരബന്ധം പുലർത്തിയിരുന്നുവെന്നും ചരിത്രരേഖകളിൽ പരാമർശിക്കപ്പെടുന്നു. പുറക്കാട് തുറമുഖം മധ്യകാലഘട്ടത്തിൽ പ്രാധാന്യമുള്ള ഒരു വ്യാപാരകേന്ദ്രമായിരുന്നു. അറബികളും പോർച്ചുഗീസുകാരും ഉൾപ്പെടെയുള്ള വിദേശ വ്യാപാരികൾ കേരളത്തിന്റെ തീരപ്രദേശങ്ങളുമായി നടത്തിയ വ്യാപാരബന്ധങ്ങളുടെ പശ്ചാത്തലത്തിൽ പുറക്കാടിനും പ്രാധാന്യമുണ്ടായിരുന്നു. പിന്നീട് തിരുവിതാംകൂർ ഭരണകാലത്തും പുറക്കാട് പ്രദേശം തീരദേശ വ്യാപാരത്തിന്റെയും മത്സ്യബന്ധനത്തിന്റെയും ഭാഗമായി വികസിച്ചു. കടലിനോടും കായലുകളോടും ചേർന്നുള്ള ജീവിതരീതി ഇവിടെ ശക്തമായ ഒരു പ്രാദേശിക സംസ്കാരത്തിന് രൂപം നൽകി. മത്സ്യബന്ധനം, കൃഷി, കയർ നിർമ്മാണം, ചെറുകിട വ്യാപാരം തുടങ്ങിയവ ജനങ്ങളുടെ പ്രധാന ഉപജീവന മാർഗങ്ങളായി മാറി.

- **ഭൂപ്രകൃതി:** പുറക്കാട് ഗ്രാമ പഞ്ചായത്ത് ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിൽ, അറബിക്കടലിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ഒരു പ്രധാന തീരദേശ പഞ്ചായത്താണ്. പഞ്ചായത്തിന്റെ ഭൂപ്രകൃതിക്ക് കടൽ, കായൽ, പാടശേഖരങ്ങൾ, തണ്ണീർത്തടങ്ങൾ, താഴ്ന്ന പ്രദേശങ്ങൾ എന്നിവയുടെ സാന്നിധ്യം പ്രത്യേകത നൽകുന്നു.

പഞ്ചായത്തിന്റെ പടിഞ്ഞാറ് അറബിക്കടലും, കിഴക്ക് കായൽ–ജലാശയ മേഖലകളും സ്ഥിതി ചെയ്യുന്നു. കടലിനും കായലിനും ഇടയിലുള്ള താഴ്ന്ന പ്രദേശങ്ങളും തീരദേശ മണൽപ്രദേശങ്ങളും പഞ്ചായത്തിന്റെ ഭൂപ്രകൃതിയിൽ പ്രധാന പങ്കുവഹിക്കുന്നു. നിരവധി തോടുകളും കനാലുകളും ജലാശയങ്ങളും പഞ്ചായത്തിലൂടെ കടന്നുപോകുന്നതിനാൽ ജലനിർഗമന സംവിധാനവും ഭൂപ്രകൃതിയുടെ പ്രധാന ഘടകമാണ്.

പുറക്കാട് പ്രധാനമായും താഴ്ന്ന പ്രദേശങ്ങളും സമതലഭൂമിയും ഉൾക്കൊള്ളുന്നതാണ്. പാടശേഖരങ്ങളും തണ്ണീർത്തടങ്ങളും വ്യാപകമായതിനാൽ മഴക്കാലത്ത് വെള്ളക്കെട്ടിനും വെള്ളപ്പൊക്കത്തിനും സാധ്യതയുള്ള പ്രദേശങ്ങൾ പഞ്ചായത്തിലുണ്ട്. കടലിനോട് ചേർന്നുള്ള പ്രദേശങ്ങളിൽ കടൽക്ഷോഭം, തീരശോഷണം, ശക്തമായ തിരമാലകൾ, storm surge തുടങ്ങിയ തീരദേശ അപകടങ്ങൾക്കും സാധ്യതയുണ്ട്.

പഞ്ചായത്തിന്റെ ഭൂവിനിയോഗത്തിൽ വാസസ്ഥലങ്ങൾ, കൃഷിഭൂമി, പാടശേഖരങ്ങൾ, മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രദേശങ്ങൾ, തീരദേശ മേഖലകൾ എന്നിവ ഉൾപ്പെടുന്നു. കായലുകളും തണ്ണീർത്തടങ്ങളും പ്രദേശത്തിന്റെ ജൈവവൈവിധ്യത്തിനും പ്രാദേശിക ഉപജീവന മാർഗങ്ങൾക്കും പ്രധാനമാണ്.

തീരദേശവും താഴ്ന്നതുമായ ഭൂപ്രകൃതി കാരണം സുനാമി, കടൽക്ഷോഭം, വെള്ളപ്പൊക്കം, അതിശക്തമായ മഴ, തീരശോഷണം തുടങ്ങിയ ദുരന്തസാധ്യതകൾ പരിഗണിച്ച് ദുരന്തനിവാരണ ആസൂത്രണം നടത്തേണ്ട പ്രദേശമാണ് പുറക്കാട് ഗ്രാമ പഞ്ചായത്ത്. പ്രത്യേകിച്ച് സുനാമി സാധ്യതയുള്ള തീരദേശ മേഖലകളിൽ ഒഴിപ്പിക്കൽ മാർഗങ്ങൾ, സുരക്ഷിത അഭയകേന്ദ്രങ്ങൾ, മുന്നറിയിപ്പ് സംവിധാനങ്ങൾ, സമൂഹതല ദുരന്തസന്നദ്ധത എന്നിവയ്ക്ക് വലിയ പ്രാധാന്യമുണ്ട്.

- **സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം:** 0.5 – 2 metre. പുറക്കാട് പൊതുവേ സമുദ്രനിരപ്പിനോട് ചേർന്ന താഴ്ന്ന തീരദേശ പ്രദേശമാണ്. പഞ്ചായത്തിലെ പല ഭാഗങ്ങളും വേലിയേറ്റം, വെള്ളക്കെട്ട്, കടലാക്രമണം, പ്രളയം എന്നിവയ്ക്ക് സാധ്യതയുള്ളവയാണ്.
- **പ്രധാന ജലാശയങ്ങൾ**: വേമ്പനാട് കായൽ – പഞ്ചായത്തിന്റെ കിഴക്കൻ/തെക്കുകിഴക്കൻ ഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രധാന കായൽ

സംവിധാനം. ആലപ്പുഴ ജില്ലയിലെ പ്രധാന ജലാശയമായ വേമ്പനാട് കായൽ പടിഞ്ഞാറൻ തീര കനാൽ സംവിധാനത്തിന്റെ പ്രധാന ഭാഗമാണ്.

പുറക്കാട്–അമ്പലപ്പുഴ കായൽ/കനാൽ ശൃംഖല – പ്രാദേശിക ജലഗതാഗതത്തിനും ജലനിർഗമനത്തിനും പ്രധാനപ്പെട്ട കനാൽ ശൃംഖല.

പാടശേഖരങ്ങളിലെ ജലാശയങ്ങൾ – പഞ്ചായത്തിലെ വിശാലമായ നെൽപ്പാടങ്ങളോട് ബന്ധപ്പെട്ട ജലസംഭരണ മേഖലകളും തോടുകളും.

പ്രാദേശിക തോടുകളും കനാലുകളും – മഴവെള്ളം, പാടശേഖരങ്ങളിലെ അധികജലം എന്നിവയുടെ ഒഴുക്കിനും ജലനിർഗമനത്തിനും പ്രധാന പങ്കുവഹിക്കുന്നു.

അറബിക്കടൽ – പഞ്ചായത്തിന്റെ പടിഞ്ഞാറൻ അതിരിൽ ഏകദേശം 9 കി.മീ. നീളത്തിൽ കടൽത്തീരം സ്ഥിതി ചെയ്യുന്നതിനാൽ സമുദ്രവും പഞ്ചായത്തിന്റെ പ്രധാന ജലഭൂപ്രകൃതി ഘടകമാണ്.

പരിസ്ഥിതി: പുറക്കാട് ഗ്രാമ പഞ്ചായത്ത് തീരസമതലവും ജലാശയസമ്പന്നവുമായ പ്രദേശമാണ്. പഞ്ചായത്തിന്റെ 23.19 ച.കി.മീ. വിസ്തൃതിയിൽ 16.22 ച.കി.മീ. പാടശേഖരങ്ങൾ, ചതുപ്പുകൾ, ജലാശയങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ്. ഏകദേശം 9 കി.മീ. നീളമുള്ള കടൽത്തീരവും പഞ്ചായത്തിനുണ്ട്. പാടശേഖരങ്ങൾ, തണ്ണീർത്തടങ്ങൾ, തോടുകൾ, കനാലുകൾ, കടൽത്തീരം എന്നിവ സമ്പന്നമായ പ്രാദേശിക പരിസ്ഥിതി വ്യവസ്ഥയ്ക്ക് അടിത്തറ നൽകുന്നു. കൃഷിയും പരമ്പരാഗത മത്സ്യബന്ധനവും ഈ പരിസ്ഥിതിയുമായി അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു. താഴ്ന്ന ഭൂപ്രകൃതിയും തീരദേശ സ്ഥാനവും കാരണം വെള്ളപ്പൊക്കം, വെള്ളക്കെട്ട്, കടൽക്ഷോഭം, തീരശോഷണം, സുനാമി തുടങ്ങിയ ദുരന്തസാധ്യതകൾ നിലനിൽക്കുന്നതിനാൽ പരിസ്ഥിതി സംരക്ഷണവും ദുരന്തസന്നദ്ധതയും പഞ്ചായത്തിന്റെ പ്രധാന മുൻഗണനകളാണ്.

2.2 സുനാമി അപകട മേഖലയുടെ വിവരണം

അറബിക്കടലിനും വീരൻപുഴ കായലിനും ഇടയിൽ സ്ഥിതിചെയ്യുന്ന താഴ്ന്ന തീരദേശ പ്രദേശമായതിനാൽ പുറക്കാട് ഗ്രാമപഞ്ചായത്ത് സുനാമി, കടലാക്രമണം, തീരശോഷണം, വേലിയേറ്റ വെള്ളപ്പൊക്കം തുടങ്ങിയ സമുദ്രജന്യ ദുരന്തങ്ങൾക്ക് സാധ്യതയുള്ള മേഖലയാണ്. 2004 ഡിസംബർ 26-നുണ്ടായ സുനാമിയിൽ ആലപ്പുഴ ജില്ലയിൽ അഞ്ച് പേർ മരിക്കാനിടയായ തീരപ്രദേശം പഞ്ചായത്തിലായിരുന്നു. കടലാക്രമണ ഭീഷണി കൂടുതലുള്ള 1, 9, 13 വാർഡുകളും കടലിനോട് ചേർന്ന മറ്റ് താഴ്ന്ന

പ്രദേശങ്ങളും പ്രധാന അപകടസാധ്യതാ മേഖലകളാണ്. ഉയർന്ന ജനസാന്ദ്രതയും തീരത്തോട് ചേർന്നുള്ള വീടുകൾ, പൊതുസ്ഥാപനങ്ങൾ, റോഡുകൾ, ഉപജീവന സൗകര്യങ്ങൾ എന്നിവയും സുനാമി സമയത്തെ അപകടസാധ്യത വർധിപ്പിക്കുന്നു.

പഞ്ചായത്തിന്റെ കിഴക്കുഭാഗത്തുള്ള വീരൻപുഴയും പടിഞ്ഞാറുള്ള അറബിക്കടലും പ്രദേശത്തെ ഇരുവശത്തുനിന്നും വെള്ളപ്പൊക്ക ഭീഷണിക്ക് വിധേയമാക്കുന്നു. ചാത്തങ്ങോട്, അണിയൽ, പഴങ്ങോട് തുടങ്ങിയ പ്രധാന തോടുകളുടെ ശോചനീയാവസ്ഥയും വീരൻപുഴയിൽ എക്കലും ചെളിയും അടിഞ്ഞുകൂടിയതുമൂലമുള്ള നീരൊഴുക്ക് തടസ്സവും മഴക്കാലത്തും വേലിയേറ്റ സമയത്തും വെള്ളക്കെട്ട് രൂക്ഷമാക്കുന്നു. നീർത്തടങ്ങളുടെ നികത്തൽ, അശാസ്ത്രീയമായ നിർമാണങ്ങൾ, ആവർത്തിച്ചുള്ള കടൽവേലിയേറ്റം, ഉപ്പുവെള്ളം കയറൽ എന്നിവ സുനാമിയുടെയും കടലാക്രമണത്തിന്റെയും ആഘാതം വർധിപ്പിക്കാൻ സാധ്യതയുള്ള ഘടകങ്ങളാണ്. അതിനാൽ തീരദേശ വാർഡുകളിലും താഴ്ന്ന പ്രദേശങ്ങളിലും മുന്നറിയിപ്പ് സംവിധാനം, സുരക്ഷിത ഒഴിപ്പിക്കൽ മാർഗങ്ങൾ, അഭയകേന്ദ്രങ്ങൾ, പൊതുജന ബോധവത്കരണം എന്നിവയ്ക്ക് പ്രത്യേക പ്രാധാന്യം നൽകേണ്ടതാണ്.ദേശിയ സമുദ്രവിവര വിശകലന കേന്ദ്രം (INCOIS) തയ്യാറാക്കിയ സുനാമി അപകട ഭൂപടങ്ങളും (Tsunami Inundation Maps) കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ (KSDMA) പഠനങ്ങളും അടിസ്ഥാനമാക്കി പഞ്ചായത്തിലെ സുനാമി ബാധിക്കാൻ സാധ്യതയുള്ള പ്രദേശങ്ങൾ കൃത്യമായി തിരിച്ചറിഞ്ഞിട്ടുണ്ട്.

ഈ പ്രദേശങ്ങളിൽ ജനവാസ കേന്ദ്രങ്ങൾ, വയോജനങ്ങളും കുട്ടികളും ഉൾപ്പെടെയുള്ള ദുർബലവിഭാഗങ്ങൾ, സ്കൂളുകൾ, ആരോഗ്യ സ്ഥാപനങ്ങൾ, മത്സ്യബന്ധന കേന്ദ്രങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, പൊതുറോഡുകൾ തുടങ്ങിയ പ്രധാന അടിസ്ഥാനസൗകര്യങ്ങൾ സ്ഥിതിചെയ്യുന്നതിനാൽ സുനാമി മൂലമുണ്ടാകുന്ന ആഘാതം വളരെ വലുതായിരിക്കും.

താഴെ നൽകിയിരിക്കുന്ന ഭൂപടം, INCOIS തയ്യാറാക്കിയ സുനാമി മോഡലിംഗ് (Tsunami Modelling) ഫലങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയതാണ്. ഭൂപടത്തിൽ കാണിച്ചിരിക്കുന്ന സുനാമി സാധ്യതാ മേഖല (Tsunami Inundation Zone), 2004-ലെ ഇന്ത്യൻ മഹാസമുദ്ര സുനാമിയും, മക്രാൻ (Makran) സ്രോതസ്സിൽ നിന്നുള്ള ഏറ്റവും ഗുരുതരമായ (100% Impact) സുനാമി സാഹചര്യവും ഉൾക്കൊള്ളിച്ച് നിർണയിച്ചതാണ്. ഈ മോഡലിങ്ങിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ സുനാമി ബാധിക്കാനിടയുള്ള പ്രദേശങ്ങൾ ഭൂപടത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നു.

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം, സുനാമിക്ക് വിധേയമാകാൻ സാധ്യതയുള്ള വിസ്തീർണ്ണം, അപകടസാധ്യതയുള്ള തീരപ്രദേശങ്ങൾ എന്നിവ ഭൂപടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സുനാമി തയ്യാറെടുപ്പ്, ഒഴിപ്പിക്കൽ ആസൂത്രണം, സുരക്ഷിത അഭയകേന്ദ്രങ്ങളുടെ നിർണയം, അപകടസാധ്യത കുറയ്ക്കൽ പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള അടിസ്ഥാന വിവരമായി ഈ ഭൂപടം ഉപയോഗിക്കാവുന്നതാണ്.



Fig: 2.2: സുനാമി അപകട മേഖല ഭൂപടം

2.3 അപകടസാധ്യതാ വിവരങ്ങൾ (Risk Knowledge)

സുനാമി അപകട മേഖലയിൽ ഉൾപ്പെടുന്ന ജനസംഖ്യ, അടിസ്ഥാനസൗകര്യങ്ങൾ, പ്രത്യേക പരിഗണന ആവശ്യമുള്ള വിഭാഗങ്ങൾ, നിർണായക സ്ഥാപനങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് ശാസ്ത്രീയമായ അപകടസാധ്യതാ വിവരശേഖരണം (Risk Assessment) നടത്തിയിട്ടുണ്ട്. ദുരന്ത സാഹചര്യങ്ങളിൽ അടിയന്തര മുന്നറിയിപ്പ് പ്രചരണം, കൃത്യമായ ഒഴിപ്പിക്കൽ, രക്ഷാപ്രവർത്തനം, ദുരിതാശ്വാസ ക്യാമ്പുകളുടെ മാനേജ്മെന്റ് എന്നിവ കാര്യക്ഷമമായി ആസൂത്രണം ചെയ്യുന്നതിനുള്ള അടിസ്ഥാന രേഖയായി ഈ വിവരങ്ങൾ ഉപയോഗിക്കുന്നു.

Table 2.1 സുനാമി അപകട മേഖലയിലെ പ്രധാന വിവരങ്ങൾ:

ഘടകം	എണ്ണം / വിവരങ്ങൾ
അപകട മേഖലയിലെ കുടുംബങ്ങൾ	6165
അപകട മേഖലയിലെ ജനസംഖ്യ	പുരുഷന്മാർ: 14378, സ്ത്രീകൾ: 15059
സ്കൂളുകൾ (വിദ്യാഭ്യാസ സ്ഥാപനങ്ങൾ)	S.N.M. Higher Secondary School, S.V.D. U.P. School, A.S.M. L.P. School, L.F. L.P. School, Govt. New L.P. School – Karoor, G.L.P.S. Karoor, G.L.P.S. Thottappally 34 അങ്കണവാടികൾ
ആരോഗ്യ സ്ഥാപനങ്ങൾ	ഫാമിലി ഹെൽത്ത് സെന്റർ (FHC), പുറക്കാട് – സർക്കാർ ആരോഗ്യ സ്ഥാപനം. ഫോൺ: 0477-2270798. ഫാമിലി ഹെൽത്ത് സെന്റർ (FHC), തോട്ടപ്പള്ളി Mathery Medical Mission Hospital, തോട്ടപ്പള്ളി – സ്വകാര്യ ആശുപത്രി. MATHERY MEDICAL MISSION HOSPITAL Zain's Polyclinic & Diagnostic Laboratory, പുറക്കാട് – സ്വകാര്യ ക്ലിനിക്/ഡയഗ്നോസ്റ്റിക് സെന്റർ. Zain's polyclinic & Diagnostic Laboratory Palackal Unani Clinic, കരൂർ – യുനാനി ചികിത്സാ സ്ഥാപനം. Palackal Unani Clinic Karoor
സർക്കാർ / പൊതു സ്ഥാപനങ്ങൾ	പുറക്കാട് ഗ്രാമ പഞ്ചായത്ത് ഓഫീസ് 1. പുറക്കാട് വില്ലേജ് ഓഫീസ് – റവന്യൂ വകുപ്പ് 2. ഫാമിലി ഹെൽത്ത് സെന്റർ / പി.എച്ച്.സി., പുറക്കാട് – ആരോഗ്യ വകുപ്പ്

	3. ഗവ. ന്യൂ എൽ.പി. സ്കൂൾ, പുറക്കാട് 4. ഗവ. എൽ.പി. സ്കൂൾ, കരൂർ 5. ഗവ. ഐ.ടി.ഐ., പുറക്കാട് – സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം 6. ഗവ. എൽ.പി. സ്കൂൾ, തോട്ടപ്പള്ളി / മറ്റ് സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ 7. ഹാർബർ എൻജിനീയറിംഗ് വകുപ്പ് ഓഫീസ്, തോട്ടപ്പള്ളി 8. അങ്കണവാടികൾ 34 – വനിതാ-ശിശു വികസന വകുപ്പ് 9. പോസ്റ്റ് ഓഫീസ് / തപാൽ വകുപ്പ് സ്ഥാപനങ്ങൾ 10. KSEB-യുമായി ബന്ധപ്പെട്ട വൈദ്യുതി വിതരണ സംവിധാനം 11. പൊതു വിതരണ സംവിധാനവുമായി (Civil Supplies) ബന്ധപ്പെട്ട റേഷൻ കടകൾ 12. കുടുംബശ്രീ / CDS – പ്രാദേശിക സ്വയംഭരണ സംവിധാനവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ 13. ഹരിതകർമ്മസേന – മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട സംവിധാനം
മത്സ്യബന്ധന കേന്ദ്രങ്ങൾ / കടവുകൾ	തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖം / Harbour തോട്ടപ്പള്ളി മത്സ്യബന്ധന കടവ്
പ്രത്യേക പരിഗണന ആവശ്യമുള്ള വ്യക്തികൾ	**ആകെ:** • കുട്ടികൾ (0-6 വയസ്സ്): • വയോജനങ്ങൾ: • ഭിന്നശേഷിക്കാർ: • ഗർഭിണികൾ: • കിടപ്പുരോഗികൾ:

2.4 സുനാമി ഒഴിപ്പിക്കൽ പദ്ധതിയും ഭൂപടങ്ങളും (Evacuation Plan & Maps)

സുനാമി അടിയന്തര മുന്നറിയിപ്പ് (WARNING / ALERT) ലഭിക്കുന്ന സാഹചര്യത്തിൽ, പുറക്കാട് ഗ്രാമപഞ്ചായത്തിലെ സുനാമി അപകട മേഖലകളിൽ നിന്ന് (Susceptible Zone) ജനങ്ങളെ സുരക്ഷിത പ്രദേശങ്ങളിലേക്ക് വേഗത്തിലും ക്രമബദ്ധമായും മാറ്റുന്നതിനായി വിപുലമായ ഒഴിപ്പിക്കൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

ഭൂപടത്തിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ, തീരദേശ വാർഡുകളിൽ നിന്നും സുരക്ഷിത കേന്ദ്രങ്ങളിലേക്ക് നയിക്കുന്ന ചുവപ്പ് നിറത്തിൽ അടയാളപ്പെടുത്തിയ അടിയന്തര രക്ഷാമാർഗ്ഗങ്ങൾ (Evacuation Routes) വഴിയാണ് ജനങ്ങൾ ഒഴിഞ്ഞുപോകേണ്ടത്.

2.4.1 സുരക്ഷിത കേന്ദ്രങ്ങൾ (Shelter Locations)

സുനാമി ദുരന്ത സമയത്ത് ജനങ്ങൾക്ക് സുരക്ഷിതമായി തങ്ങുന്നതിനായി സജ്ജമാക്കിയിട്ടുള്ള പ്രധാന കെട്ടിടങ്ങൾ / സ്കൂളുകൾ:

1. ചെറുതന സൈക്ലോൺ ഷെൽട്ടർ
2. കരുവാറ്റ സൈക്ലോൺ ഷെൽട്ടർ
3. ഗവ. മോഡൽ എച്ച്എസ്, അമ്പലപ്പുഴ
4. ഗവ. എൽ പി എസ് കാഞ്ഞൂർ മഠം
5. അമ്പലപ്പുഴ ഗവ. കോളേജ്
6. തകഴി ട്രാവൻകൂർ ഹയർ സെക്കൻഡറി സ്കൂൾ

2.4.2 അസംബ്ലി ഏരിയകൾ (Assembly Areas)

ദുരന്ത സമയത്ത് പ്രാഥമികമായി ഒത്തുചേരുന്നതിനും പ്രാദേശിക സന്നദ്ധ പ്രവർത്തകരുടെയും അധികൃതരുടെയും നേതൃത്വത്തിൽ ആളുകളെ തരംതിരിച്ച് ഷെൽട്ടറുകളിലേക്ക് മാറ്റുന്നതിനുമുള്ള മേഖലകൾ:

1. പായൽകുളങ്ങര ക്ഷേത്ര മൈതാനം
2. ശ്രീനാരായണ മെമ്മോറിയൽ എച്ച്.എസ്.എസ്
3. പൂന്തല എസ്.വി.എസ് കരയോഗം
4. എസ്.വി.ഡി.യു.പി സ്കൂൾ
5. മാർ സ്ലീവ സീറോ മലബാർ പള്ളി
6. ആനന്ദേശ്വര മഹാദേവ ക്ഷേത്രം
7. ജി.എച്ച്.എസ്.എസ് നാലുചിറ
8. തോട്ടപ്പള്ളി പാലം, സൗത്ത്
9. അരയൻ്റെ കാവ്

2.4.3 അടിയന്തര ഒഴിപ്പിക്കൽ മാർഗ്ഗങ്ങൾ (Evacuation Routes)

- പ്രധാന രക്ഷാപാത (Red Line Routes): സുനാമി ബാധിത തീരദേശങ്ങളിൽ നിന്നും പ്രധാന പാലങ്ങൾ, ലിങ്ക് റോഡുകൾ എന്നിവ വഴി ഉയരം കൂടിയ ഷെൽട്ടറുകളിലേക്ക് എളുപ്പത്തിൽ എത്തിച്ചേരാൻ സഹായിക്കുന്നതാണ് ഭൂപടത്തിലെ ചുവന്ന നിറത്തിലുള്ള അടിയന്തര പാതകൾ.
- ഒഴിപ്പിക്കൽ രീതി: കടൽ ഉൾവലിയുകയോ കടുത്ത പ്രകമ്പനം അനുഭവപ്പെടുകയോ മുന്നറിയിപ്പ് സന്ദേശം ലഭിക്കുകയോ ചെയ്താൽ, റെഡ് ലൈൻ വഴികളിലൂടെ നിശ്ചയിച്ചിട്ടുള്ള അസംബ്ലി ഏരിയകളിൽ എത്തുകയും തുടർന്ന് സുരക്ഷിത ഷെൽട്ടറുകളിലേക്ക് മാറുകയും ചെയ്യുക.

- മുൻഗണനാ ക്രമം: അടിയന്തര ഒഴിപ്പിക്കൽ വേളയിൽ കിടപ്പുരോഗികൾ, ഭിന്നശേഷിക്കാർ, ഗർഭിണികൾ, കുട്ടികൾ, വയോജനങ്ങൾ എന്നിവർക്ക് പ്രഥമ പരിഗണന നൽകി സുരക്ഷിത കേന്ദ്രങ്ങളിലേക്ക് എത്തിക്കാൻ പ്രത്യേക സന്നദ്ധ സംഘങ്ങളെ നിയമിച്ചിട്ടുണ്ട്.

2.5. INCOIS മുന്നറിയിപ്പ് സന്ദേശങ്ങൾ

പഞ്ചായത്ത് ഡിസാസ്റ്റർ കൺട്രോൾ റൂമിൽ നിന്നും ലഭിക്കുന്ന സന്ദേശങ്ങളുടെ ഗൗരവം താഴെ പറയുന്ന കളർ കോഡുകൾ അടിസ്ഥാനമാക്കിയായിരിക്കും:

മുന്നറിയിപ്പ് സന്ദേശം	കളർ കോഡ്	വിശദീകരണം
WARNING	**റെഡ് (Red)**	അതിശക്തമായ സുനാമി സാധ്യത
ALERT	**ഓറഞ്ച് (Orange)**	ശക്തമായ സുനാമി സാധ്യത
WATCH	**യല്ലോ (Yellow)**	ചെറിയ തോതിലുള്ള സുനാമി സാധ്യത
THREAT PASSED	**ഗ്രീൻ (Green)**	സുനാമി ഭീഷണി പിൻവലിച്ചു

2.6 ഡിജിറ്റൽ മാപ്പ് ലൊക്കേഷൻ / ക്യു.ആർ കോഡ്

സുനാമി സുരക്ഷിത കേന്ദ്രങ്ങളും അസംബ്ലി ഏരിയകളും വേഗത്തിൽ കണ്ടെത്തുന്നതിനായി ഭൂപടത്തിൽ നൽകിയിരിക്കുന്ന QR കോഡ് സ്കാൻ ചെയ്യാവുന്നതാണ്. ഈ QR കോഡിന്റെ പകർപ്പ് പഞ്ചായത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള സുനാമി സാധ്യതാ വിവര പോസ്റ്ററിലും ഉൾപ്പെടുത്തിയിട്ടുണ്ട്



Fig. 2.3. സുനാമി സാധ്യത വിവരം: പുറക്കാട് പഞ്ചായത്ത്

അധ്യായം 3

സുനാമി മുന്നറിയിപ്പും പ്രചാരണ സംവിധാനവും

(Early Warning and Dissemination Protocols)

ഉയർന്ന ആഘാത സാധ്യതയുള്ള ഒരു തീരദേശ മേഖല എന്ന നിലയിൽ, സുനാമി പോലുള്ള സമുദ്രജന്യ ദുരന്തങ്ങളുടെയും മറ്റ് കാലാവസ്ഥാ വ്യതിയാനങ്ങളുടെയും നാശനഷ്ടങ്ങൾ പരമാവധി കുറയ്ക്കുന്നതിന് ശാസ്ത്രീയവും കാര്യക്ഷമവുമായ ഒരു മുന്നറിയിപ്പ് സംവിധാനം (Early Warning System) പുറക്കാട് ഗ്രാമപഞ്ചായത്തിൽ സജ്ജമാക്കിയിട്ടുണ്ട്. ദേശീയ-സംസ്ഥാന തലത്തിലെ സന്ദേശങ്ങൾ ശേഖരിക്കുന്നത് മുതൽ ഓരോ വ്യക്തിയിലേക്കും അവ വേഗത്തിൽ എത്തിക്കുന്നതിനും, അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനുള്ള ആശയവിനിമയ ശൃംഖലകൾ താഴെ വിവരിക്കുന്നു:

3.1 മുന്നറിയിപ്പ് ലഭിക്കുന്ന പ്രധാന ഉറവിടങ്ങളും വിവരവിനിമയ ശൃംഖലയും (Sources of Warning & Channel of Flow)

ദേശീയ-സംസ്ഥാന തലങ്ങളിലെ ശാസ്ത്രീയ ഗവേഷണ സ്ഥാപനങ്ങൾ, കാലാവസ്ഥാ കേന്ദ്രങ്ങൾ, ദുരന്തനിവാരണ അതോറിറ്റിയുടെ എമർജൻസി ഓപ്പറേഷൻസ് സെന്ററുകൾ (EOC) എന്നിവ വഴി ഘട്ടങ്ങളായാണ് പഞ്ചായത്ത് തലത്തിലേക്ക് ഔദ്യോഗിക സുനാമി/തീരദേശ മുന്നറിയിപ്പുകൾ കൈമാറുന്നത്.

3.1.1 പ്രധാന മുന്നറിയിപ്പ് ഉറവിടങ്ങൾ (Primary Nodal Agencies)

- **ദേശീയ സമുദ്രവിവര വിശകലന കേന്ദ്രം (INCOIS):** സമുദ്ര അന്തർഭാഗത്തെ ഭൂചലനങ്ങൾ, വേലിയേറ്റ വ്യതിയാനങ്ങൾ എന്നിവ തത്സമയം നിരീക്ഷിച്ച് ദേശീയ സുനാമി മുന്നറിയിപ്പുകളും ആഘാത സാധ്യതകളും പുറപ്പെടുവിക്കുന്ന പ്രധാന കേന്ദ്ര ഏജൻസി.
- **ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് (IMD):** മഴ,ചുഴലിക്കാറ്റ്, കടുത്ത കാലാവസ്ഥാ വ്യതിയാനങ്ങൾ, കടൽക്ഷോഭ മുന്നറിയിപ്പുകൾ എന്നിവ നൽകുന്നു.
- **National Centre for Seismology (NCS):** ഭൂചലന തീവ്രത സംബന്ധിച്ച പഠന വിവരങ്ങൾ നൽകുന്നു.

3.1.2 സംസ്ഥാന-ജില്ലാ തല വിനിമയ ശൃംഖല (EOC Cascade Mechanism)

1. **സംസ്ഥാന അടിയന്തര പ്രവർത്തന കേന്ദ്രം (SEOC - State Emergency Operations Centre):**

   തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന SEOC, INCOIS/IMD മുന്നറിയിപ്പുകൾ തത്സമയം വിശകലനം ചെയ്യുകയും വിവരങ്ങൾ ക്രോഡീകരിച്ച് സംസ്ഥാനത്തെ എല്ലാ ജില്ലകളിലേക്കും കൈമാറുകയും ചെയ്യുന്നു.

2. **ജില്ലാ അടിയന്തര പ്രവർത്തന കേന്ദ്രം (DEOC - District Emergency Operations Centre):**

   ആലപ്പുഴ കളക്ടറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന DEOC വഴി ജില്ലാ ദുരന്തനിവാരണ അതോറിറ്റി (DDMA) സന്ദേശങ്ങൾ താലൂക്ക് തലത്തിൽ കൈമാറുന്നു.

3. **താലൂക്ക് കൺട്രോൾ റൂം (TEOC – അമ്പലപ്പുഴ താലൂക്ക്):**

   താലൂക്ക് തലത്തിൽ ദുരന്ത പ്രതികരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന കൺട്രോൾ റൂം. സന്ദേശങ്ങൾ പഞ്ചായത്തുകളിലേക്ക് നേരിട്ട് കൈമാറുന്നു.

4. **ഗ്രാമപഞ്ചായത്ത് ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റി:**

   DEOC/താലൂക്കിൽ നിന്നും ലഭിക്കുന്ന സന്ദേശങ്ങൾ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, വില്ലേജ് ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ സ്വീകരിച്ച് പ്രാദേശികമായി അടിയന്തര നടപടികൾ ഏകോപിപ്പിക്കുന്നു.

5. **പതിമൂന്നാമത് പ്രവർത്തക സമിതി**

   പഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറിയും മറ്റ് പ്രാദേശിക പ്രതിനിധികളും സന്നദ്ധപ്രവർത്തകരും ഉൾപ്പെടുന്നതാണ് ഈ പ്രവർത്തക സമിതി. അടിയന്തര സാഹചര്യങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് പൂർണ്ണ പിന്തുണ നൽകുന്നതിനും, വിവരവിനിമയം ഏകോപിപ്പിച്ച് ദുരന്തനിവാരണ നടപടികൾ ജനങ്ങളിലേക്ക് കൃത്യമായി എത്തിക്കുന്നതിനുമാണ് പ്രധാന ചുമതല.

3.2 വിപുലീകരിച്ച ആശയവിനിമയ സംവിധാനങ്ങളും സന്ദേശ വിതരണ മാർഗ്ഗങ്ങളും (Communication Systems & Dissemination Channels)

അടിയന്തര സാഹചര്യങ്ങളിൽ വൈദ്യുതി ശൃംഖലയോ സാധാരണ ടെലിഫോൺ ലൈനുകളോ തടസ്സപ്പെട്ടാലും സന്ദേശങ്ങൾ തടസ്സമില്ലാതെ കൈമാറാൻ ഓറഞ്ച് ബുക്ക് നിർദ്ദേശിക്കുന്ന ബഹുവിധ ആശയവിനിമയ ശൃംഖലകൾ പഞ്ചായത്തിൽ ഉപയോഗിക്കുന്നു:

3.2.1 സാങ്കേതികവും അടിയന്തരവുമായ വിനിമയ മാർഗ്ഗങ്ങൾ (Dedicated Emergency Networks)

- കോസ്റ്റൽ പോലീസ് VHF റേഡിയോ ശൃംഖല (Very High Frequency Network):

  മൊബൈൽ/ലാന്റ്ലൈൻ ടവറുകൾ തകരാറിലാകുന്ന അടിയന്തര ഘട്ടങ്ങളിൽ ജില്ലാ EOC, താലൂക്ക് ഓഫീസുകൾ, തീരദേശ വില്ലേജ് ഓഫീസുകൾ, കോസ്റ്റൽ പോലീസ് ലൈനുകൾ എന്നിവയെ ബന്ധിപ്പിക്കുന്ന വയർലെസ് റേഡിയോ സംവിധാനം.

- CUG മൊബൈൽ ശൃംഖല (Closed User Group):

  പഞ്ചായത്ത് അധികൃതർ, വില്ലേജ് ഓഫീസർമാർ, പോലീസ്, ഫയർഫോഴ്സ് ഉദ്യോഗസ്ഥർ എന്നിവർക്ക് അതിവേഗം സന്ദേശങ്ങൾ കൈമാറാൻ സർക്കാരിന്റെ CUG നെറ്റ്വർക്ക്.

- മറ്റ് അടിയന്തര ആശയവിനിമയ മാർഗ്ഗങ്ങൾ (Other Emergency Communication Networks):

  LTE മൊബൈൽ സേവനങ്ങൾ, ഹോട്ട്ലൈനുകൾ, ഇ-മെയിൽ, വാട്ട്സ്ആപ്പ്, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ തുടങ്ങിയ വിവിധ ആശയവിനിമയ മാർഗ്ഗങ്ങൾ ഉപയോഗിച്ച് ദുരന്തസമയത്ത് ഉദ്യോഗസ്ഥർക്കും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കും അതിവേഗം വിവരങ്ങളും മുന്നറിയിപ്പുകളും കൈമാറുന്നതിനുള്ള സംവിധാനം.

- Cell on Wheels – COW

  മൊബൈൽ ഉൾപ്പെടെയുള്ള ആശയവിനിമയ സേവനങ്ങൾ തടസ്സപ്പെടുന്ന സാഹചര്യത്തിൽ, മുന്നറിയിപ്പ് സന്ദേശങ്ങളുടെ തുടർച്ചയായ പ്രചാരണം ഉറപ്പാക്കുന്നതിനായി ബന്ധപ്പെട്ട മൊബൈൽ സേവനദാതാക്കൾ **Cell on Wheels (CoW)** സംവിധാനം സ്ഥാപിക്കുന്നതാണ്

3.2.2 പൊതുജനങ്ങളിലേക്ക് സന്ദേശമെത്തിക്കുന്ന ഉപാധികൾ (Public Dissemination Methods)

- സൈറൺ സംവിധാനം (**KaWaCHaM**):

  പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ പരിധിക്കുള്ളിൽ നിലവിൽ KaWaCHaM സൈറൺ സ്ഥാപിച്ചിട്ടില്ല. എന്നാൽ പഞ്ചായത്തിന്റെ വടക്കൻ അതിർത്തിയോട് ചേർന്നുള്ള ഗവ. എച്ച്.എസ്.എസ്., കാക്കാഴം, ഗവ. മോഡൽ എച്ച്.എസ്.എസ്., അമ്പലപ്പുഴ എന്നിവിടങ്ങളിലും തെക്കൻ അതിർത്തിയോട് ചേർന്നുള്ള ആലപ്പുഴ യു.പി.എസ്., പാനൂർക്കരയിലും KaWaCHaM സൈറണുകൾ സ്ഥാപിച്ചിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ ഈ സൈറണുകളിലൂടെ പുറപ്പെടുവിക്കുന്ന മുന്നറിയിപ്പുകൾ പഞ്ചായത്തിന്റെ അതിർത്തിയോട് ചേർന്ന പ്രദേശങ്ങളിലെ ജനങ്ങൾക്ക് ജാഗ്രതാ സന്ദേശം ലഭിക്കാൻ സഹായകരമാകും.



Fig.3.1 പുറക്കാട് ഗ്രാമപഞ്ചായത്തിന് സമീപമുള്ള KaWaCHaM സൈറണുകളുടെ സ്ഥാനം

- **സാചേത് (SACHET)** – സെൽ ബ്രോഡ്കാസ്റ്റിംഗ് & അടിയന്തര SMS മുന്നറിയിപ്പുകൾ:



ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെ (NDMA) **SACHET** സംവിധാനത്തിലൂടെ ദുരന്തസാധ്യതയുള്ള പ്രദേശങ്ങളിലെ മൊബൈൽ ഫോണുകളിലേക്ക് അടിയന്തര മുന്നറിയിപ്പുകൾ തൽക്ഷണം കൈമാറുന്നു. നെറ്റ്വർക്ക് തിരക്ക് നിലനിൽക്കുന്ന സാഹചര്യങ്ങളിലും മുന്നറിയിപ്പുകൾ പരമാവധി ആളുകളിലെത്തിക്കാൻ സെൽ ബ്രോഡ്കാസ്റ്റിംഗ്, SMS തുടങ്ങിയ വിവിധ ആശയവിനിമയ മാർഗങ്ങൾ ഈ സംവിധാനം പ്രയോജനപ്പെടുത്തുന്നു. മുന്നറിയിപ്പ് ലഭിക്കുമ്പോൾ **ഫോണിൽ പ്രത്യേക സൈറൺ മുഴങ്ങുകയും** സ്ക്രീനിൽ സന്ദേശം പ്രദർശിപ്പിക്കുകയും ചെയ്യുന്നു. ഇതിലൂടെ പൊതുജനങ്ങൾക്ക് സമയബന്ധിതമായി ജാഗ്രതാനിർദേശം ലഭിക്കുന്നു.

- മൈക്ക് പ്രഖ്യാപനങ്ങളും പ്രാദേശിക വാണിംഗ് ടീമുകളും:

വാർഡ് തല ദുരന്തനിവാരണ സമിതികൾ, സിവിൽ ഡിഫൻസ് വോളന്റിയർമാർ, ആപ്ദ മിത്ര/സന്നദ്ധ സേനാംഗങ്ങൾ എന്നിവർ വാഹനങ്ങളിലും ആരാധനാലയങ്ങളിലെ ഉച്ചഭാഷിണികൾ ഉപയോഗിച്ചും മൈക്ക് അനൗൺസ്മെന്റ് നടത്തുന്നു. ഫിഷ് ലാൻഡിംഗ് സെന്ററുകൾ കേന്ദ്രീകരിച്ചും മുന്നറിയിപ്പുകൾ നൽകും.

- സമുദ്ര സുരക്ഷാ ശൃംഖല (Fishermen & Coastal Alerting):

INCOIS, ഫിഷറീസ് ഡിപ്പാർട്ട്മെന്റ്, കോസ്റ്റൽ പോലീസ് എന്നിവ മുഖേന ആഴക്കടലിലുള്ള മത്സ്യബന്ധന ബോട്ടുകളിലേക്ക് അടിയന്തര മുന്നറിയിപ്പുകളും സമുദ്രാവസ്ഥാ പ്രവചനങ്ങളും എത്തിക്കുന്നു. മൊബൈൽ നെറ്റ്വർക്കുകൾ ലഭിക്കാത്ത സന്ദർഭങ്ങളിൽ, ISRO വികസിപ്പിച്ച നാവിക് (NavIC), GAGAN എന്നീ സാറ്റലൈറ്റ് സംവിധാനങ്ങളും സാറ്റലൈറ്റ് ഫോണുകളും അടിയന്തര റേഡിയോ ചാനലുകളുമാണ് ഇതിനായി ഉപയോഗിക്കുന്നത്.

- ഔദ്യോഗിക സാമൂഹിക മാധ്യമങ്ങളും ഐ.പി.ആർ.ഡിയും:

  KSDMA, ജില്ലാ ഭരണകൂടം, ഗ്രാമപഞ്ചായത്ത് എന്നിവയുടെ ഔദ്യോഗിക ഫെയ്സ്ബുക്ക്, വാട്സ്ആപ്പ് ഗ്രൂപ്പുകൾ, വാർത്താ മാധ്യമങ്ങൾ (IPRD വഴി) എന്നിവയിലൂടെ വ്യാജ വാർത്തകൾ ഒഴിവാക്കി ഔദ്യോഗിക സ്ഥിരീകരണം കൈമാറുന്നു.

3.3 പൊതുജനങ്ങൾ തിരിച്ചറിയേണ്ട പ്രകൃതിദത്ത മുന്നറിയിപ്പ് സൂചനകൾ (Natural Warning Signs)

സാങ്കേതിക/ഔദ്യോഗിക സന്ദേശങ്ങൾ ലഭിക്കുന്നതിന് മുൻപുതന്നെ പ്രകൃതി നൽകുന്ന സൂചനകൾ കണ്ട് സുനാമി സാധ്യത തിരിച്ചറിയാനും സ്വയം രക്ഷാ നടപടികൾ സ്വീകരിക്കാനും തീരദേശവാസികൾ പരിശീലിക്കപ്പെട്ടിരിക്കണം.

- **അനുഭവത്തിലൂടെ (FEEL):**
  ശക്തമായതും നീണ്ടുനിൽക്കുന്നതുമായ ഭൂചലനം അനുഭവപ്പെട്ടാൽ, തീരദേശത്തുള്ളവർ കടലിന്റെ സ്വഭാവം ശ്രദ്ധിക്കുക.
- **കാഴ്ചയിലൂടെ (SEE):**
  കടൽനിരപ്പ് അസാധാരണമായി ഉയരുകയോ താഴുകയോ, കടൽ ഉൾവലിയുകയോ ചെയ്താൽ, സുനാമിയുടെ സൂചനയാകാം.
- **ശബ്ദത്തിലൂടെ (HEAR):**
  കടലിൽനിന്ന് നീണ്ടതും അസ്വാഭാവികവും അതിശക്തവുമായ ഇരമ്പൽ ശബ്ദം സുനാമിയുടെ സൂചനയാകാം.
- **സുനാമി സുരക്ഷിത സ്ഥാനത്തേക്ക് മാറുക (RUN)**
  മേൽപ്പറഞ്ഞ സൂചനകൾ ശ്രദ്ധയിൽപ്പെട്ടാൽ, ഏറ്റവും അടുത്തുള്ള സുനാമി-സുരക്ഷിത കേന്ദ്രത്തിലേക്കോ ഉയർന്ന കെട്ടിടങ്ങളിലേക്കോ,അടുത്തുള്ള ഉയർന്ന കുന്നുകളിലേക്കോ മാറുക. ഔദ്യോഗിക മുന്നറിയിപ്പുകൾക്കായി കാത്തുനിൽക്കാതെ ഭൂപടത്തിൽ (Fig.2.3) സൂചിപ്പിച്ചിരിക്കയുന്ന രക്ഷാമാർഗ്ഗത്തിലൂടെ സുനാമി സാധ്യതാ പ്രേദശത്തുനിന്നും ഒഴിയുക.

അധ്യായം 4

ഒഴിപ്പിക്കൽ നടപടിക്രമങ്ങളും മാർഗ്ഗങ്ങളും

(Evacuation Procedures & Routes)

സുനാമി മുന്നറിയിപ്പ് ലഭിക്കുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട നടപടിയാണ് സമയബന്ധിതവും ക്രമബദ്ധവുമായ ഒഴിപ്പിക്കൽ. സുനാമി തിരമാലകൾ അങ്ങേയറ്റം വേഗത്തിൽ കരയിലേക്ക് എത്തുവാൻ സാധ്യതയുള്ളതിനാൽ, മുന്നറിയിപ്പ് ലഭിച്ചയുടൻ അപകടസാധ്യതയുള്ള തീരദേശ പ്രദേശങ്ങളിൽ നിന്ന് ആളുകൾ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറേണ്ടതുണ്ട്.

4.1 ഒഴിപ്പിക്കൽ രീതി (Evacuation Methodology)

- **കാൽനടയായുള്ള ഒഴിപ്പിക്കൽ (Pedestrian Evacuation):** സുനാമി മുന്നറിയിപ്പ് ലഭിച്ചാൽ ജനങ്ങൾ കഴിയുന്നത്ര കാൽനടയായി തന്നെ സുരക്ഷിത മേഖലകളിലേക്ക് നീങ്ങേണ്ടതാണ്.
- **വാഹന നിയന്ത്രണം (Traffic Management):** സ്വകാര്യ വാഹനങ്ങളുടെ അമിത ഉപയോഗം റോഡുകളിൽ രൂക്ഷമായ ഗതാഗതക്കുരുക്കും അടിയന്തര രക്ഷാപ്രവർത്തനങ്ങൾക്ക് തടസ്സവും സൃഷ്ടിക്കുമെന്നതിനാൽ അത് പരമാവധി ഒഴിവാക്കേണ്ടതാണ്.
- **ആവശ്യാനുസൃത വാഹന ഉപയോഗം:** പ്രായമായവർ, ഭിന്നശേഷിക്കാർ, രോഗികൾ തുടങ്ങിയവർക്ക് അടിയന്തര ആവശ്യമുള്ള സാഹചര്യങ്ങളിൽ മാത്രമേ വാഹന സൗകര്യം ഉപയോഗിക്കാവൂ.
- **സംഗമ കേന്ദ്രങ്ങളിലെ (Assembly Point) ഒത്തുചേരൽ:** അടിയന്തര ഘട്ടത്തിൽ കുടുംബാംഗങ്ങളെ തിരഞ്ഞ് അപകട മേഖലയിൽ സമയം കളയാതെ, മുൻകൂട്ടി നിശ്ചയിച്ച സുരക്ഷിത സംഗമ കേന്ദ്രങ്ങളിൽ കൃത്യമായി എത്തിച്ചേരാൻ ശ്രമിക്കണം.
- **സ്വയം നിയന്ത്രണം:** സുരക്ഷിത കേന്ദ്രങ്ങളിലേക്ക് നീങ്ങുമ്പോൾ ജനങ്ങൾ പരിഭ്രാന്തരാകാതെ ശാന്തത പാലിക്കുകയും അധികൃതരുടെയും സന്നദ്ധ പ്രവർത്തകരുടെയും നിർദ്ദേശങ്ങൾ കർശനമായി അനുസരിക്കുകയും വേണം.

4.2 ഒഴിപ്പിക്കൽ ആരംഭിക്കേണ്ട സാഹചര്യങ്ങൾ

താഴെപ്പറയുന്ന സാഹചര്യങ്ങളിൽ ഉടനടി പ്രദേശവാസികളെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതാണ്:

1. **ഔദ്യോഗിക മുന്നറിയിപ്പ്:** INCOIS, KSDMA, അല്ലെങ്കിൽ ജില്ലാ ഭരണകൂടത്തിൽ നിന്ന് സുനാമി മുന്നറിയിപ്പ് (Warning /Alert) ലഭിക്കുമ്പോൾ.
2. **പ്രകൃതിദത്ത മുന്നറിയിപ്പുകൾ:** കടലോര മേഖലയിൽ ശക്തമായ ഭൂചലനം അനുഭവപ്പെടുകയും സുനാമി സാധ്യത നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ.
3. **സമുദ്രത്തിലെ അസ്വാഭാവിക വ്യതിയാനങ്ങൾ:** കടൽവെള്ളം പെട്ടെന്ന് അസാധാരണമായി പിന്നോട്ട് ഉൾവലിയുകയോ അല്ലെങ്കിൽ കടലിൽ വലിയ മുഴക്കവും അസ്വാഭാവിക മാറ്റങ്ങളും കാണപ്പെടുകയോ ചെയ്യുമ്പോൾ.
4. **അധികൃതരുടെ നിർദ്ദേശം:** ജില്ലാ ഭരണകൂടം, പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ, വില്ലേജ്/പഞ്ചായത്ത് അധികൃതർ എന്നിവർ നേരിട്ട് ഒഴിപ്പിക്കാൻ ആഹ്വാനം ചെയ്യുമ്പോൾ.

4.3 ഒഴിപ്പിക്കൽ മാർഗ്ഗങ്ങളും ഭൂപടവും (Evacuation Routes)

സുനാമി അപകട മേഖലകളിൽ നിന്ന് സുരക്ഷിത പ്രദേശങ്ങളിലേക്ക് എത്തുന്നതിനായി പ്രാദേശിക അടിസ്ഥാനത്തിൽ പ്രധാന പാതകളും (Primary Routes) ബദൽ പാതകളും (Secondary Routes) നിശ്ചയിച്ചിട്ടുണ്ട്.

- ഇവ സുനാമി ഒഴിപ്പിക്കൽ ഭൂപടത്തിൽ (Evacuation Map) വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.
- പൊതുജനങ്ങൾ ഏറ്റവും അടുത്ത സുരക്ഷിത സംഗമ കേന്ദ്രത്തിലേക്ക് ഈ നിശ്ചിത പാതകൾ മാത്രം ഉപയോഗിച്ച് നീങ്ങേണ്ടതാണ്.
- പ്രധാന പാതകളിൽ തടസ്സങ്ങളോ വെള്ളക്കെട്ടോ ഉണ്ടാകുന്ന അടിയന്തര സാഹചര്യങ്ങളിൽ ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കുക.
- ഒഴിപ്പിക്കൽ സമയത്ത് വാർഡ് തല ദുരന്തനിവാരണ സമിതികളും സിവിൽ ഡിഫൻസ്/സന്നദ്ധ പ്രവർത്തകരും വഴിതിരിച്ചുവിടൽ നിർദ്ദേശങ്ങൾ നൽകും.

4.4 പ്രധാന സുരക്ഷിത സംഗമ കേന്ദ്രങ്ങൾ (Primary Safe Shelters)

സുനാമി മുന്നറിയിപ്പ് ലഭിക്കുന്ന ഘട്ടത്തിൽ അപകട മേഖലയിലുള്ള ജനങ്ങൾ എത്തിച്ചേരേണ്ട പ്രാഥമിക സുരക്ഷിത കേന്ദ്രങ്ങൾ:

Table 4.1 പ്രധാന സുരക്ഷിത കേന്ദ്രത്തിന്റെ പേര് & ഒഴിപ്പിക്കൽ രീതി

വാർഡ് നമ്പർ	പ്രധാന സുരക്ഷിത കേന്ദ്രത്തിന്റെ പേര്	ഒഴിപ്പിക്കൽ രീതി
1-പായൽകുളങ്ങര	ഗവ മോഡൽ HSS , Ambalappuzha/Govt College, Ambalappuzha/Govt LPS, Kanjoormadam/Thakazhy Travancode Higher Secondary School.	കാൽനട+വാഹനം
2-കാരൂർ നോർത്ത്	ഗവ മോഡൽ HSS , Ambalappuzha/Govt College, Ambalappuzha/Govt LPS, Kanjoormadam/Thakazhy Travancode Higher Secondary School.	കാൽനട+വാഹനം
3- കാരൂർ ഈസ്റ്റ്	Govt LPS, Kanjoormadam /Thakazhy Travancode Higher Secondary School/Govt College, Ambalappuzha/Govt LPS, Kanjoormadam	കാൽനട+വാഹനം
4-കാരൂർ	Govt College, Ambalappuzha/Govt LPS, Kanjoormadam	കാൽനട+വാഹനം
5- പഴയങ്ങാടി	Govt College, Ambalappuzha/Govt LPS, Kanjoormadam	കാൽനട+വാഹനം
6-തയിച്ചിറ	Govt College, Ambalappuzha/Govt LPS, Kanjoormadam	കാൽനട+വാഹനം
7- നാലുചിറ	Karuvatta Cyclone Shelter	കാൽനട+വാഹനം
8-തോട്ടപ്പള്ളി	Karuvatta Cyclone Shelter	കാൽനട+വാഹനം

9-തോട്ടപ്പള്ളി വെസ്റ്റ്	Karuvatta Cyclone Shelter/Cheruthana Cyclone Shelter	കാൽനട+വാഹനം
10 ഹാർബൌർ	Karuvatta Cyclone Shelter/Cheruthana Cyclone Shelter	കാൽനട+വാഹനം
11 - സ്പിൽവേ ഈസ്റ്റ്	Karuvatta Cyclone Shelter/Cheruthana Cyclone Shelter	കാൽനട+വാഹനം
12-ച്ചെണ്ണങ്കര	Karuvatta Cyclone Shelter/Cheruthana Cyclone Shelter	കാൽനട+വാഹനം
13- പുറക്കാട് വെസ്റ്റ്	Govt LPS, Kanjoormadam	കാൽനട+വാഹനം
14- ആനൻദേശ്വരം	Govt LPS, Kanjoormadam	കാൽനട+വാഹനം
15- പൂന്തല	Govt LPS, Kanjoormadam	കാൽനട+വാഹനം
16- പുത്തൻ നട	Govt College, Ambalappuzha	കാൽനട+വാഹനം
17-പുറക്കാട്	Govt LPS, Kanjoormadam	കാൽനട+വാഹനം
18. പഞ്ചായത്ത് ഓഫീസ്	Govt College, Ambalappuzha	കാൽനട+വാഹനം
19- ന്യൂ എൽ പി എസ് വാർഡ്	Govt College, Ambalappuzha	കാൽനട+വാഹനം

4..4.1 അടിയന്തര ഒഴിപ്പിക്കൽ മാർഗ്ഗങ്ങൾ

- വാർഡ് 1 – പായൽകുളങ്ങര: വാർഡ് 1-ൽ നിന്നുള്ള ആളുകളെ നിർദിഷ്ട ഒഴിപ്പിക്കൽ മാർഗ്ഗങ്ങളിലൂടെ ഗവ. മോഡൽ എച്ച്.എസ്.എസ്., അമ്പലപ്പുഴ; ഗവ. കോളേജ്, അമ്പലപ്പുഴ; ഗവ. എൽ.പി. സ്കൂൾ, കഞ്ഞൂർമഠം; തകഴി ട്രാവൻകൂർ ഹയർ സെക്കൻഡറി സ്കൂൾ എന്നിവയിൽ അനുയോജ്യമായ സുരക്ഷിത കേന്ദ്രത്തിലേക്ക് നേരിട്ട് മാറ്റണം. ദൂരം, റോഡിന്റെ സ്ഥിതി, കേന്ദ്രങ്ങളുടെ ശേഷി എന്നിവ പരിഗണിച്ച് കാൽനടയായോ വാഹനങ്ങൾ ഉപയോഗിച്ചോ ഒഴിപ്പിക്കൽ നടത്താം.
- വാർഡ് 2 – കാരൂർ നോർത്ത്: വാർഡ് 2-ൽ നിന്നുള്ള ആളുകളെ ഗവ. മോഡൽ എച്ച്.എസ്.എസ്., അമ്പലപ്പുഴ; ഗവ. കോളേജ്, അമ്പലപ്പുഴ; ഗവ. എൽ.പി. സ്കൂൾ, കഞ്ഞൂർമഠം; തകഴി ട്രാവൻകൂർ ഹയർ സെക്കൻഡറി സ്കൂൾ എന്നിവയിൽ ഏറ്റവും അനുയോജ്യമായ സുരക്ഷിത കേന്ദ്രത്തിലേക്ക് മാറ്റണം. നിലവിലെ സാഹചര്യവും യാത്രാമാർഗ്ഗങ്ങളുടെ ലഭ്യതയും പരിഗണിച്ച് കാൽനടയായോ വാഹനങ്ങൾ ഉപയോഗിച്ചോ സുരക്ഷിതമായ ഒഴിപ്പിക്കൽ ഉറപ്പാക്കണം.
- വാർഡ് 3 – കാരൂർ ഈസ്റ്റ്: വാർഡ് 3-ൽ നിന്നുള്ള ആളുകളെ ഗവ. എൽ.പി. സ്കൂൾ, കഞ്ഞൂർമഠം; തകഴി ട്രാവൻകൂർ ഹയർ സെക്കൻഡറി സ്കൂൾ; ഗവ. കോളേജ്, അമ്പലപ്പുഴ എന്നിവയിൽ അനുയോജ്യമായ സുരക്ഷിത കേന്ദ്രത്തിലേക്ക് നേരിട്ട് മാറ്റണം. ആളുകളുടെ എണ്ണം, ദൂരം, റോഡിന്റെ സ്ഥിതി എന്നിവ പരിഗണിച്ച് കാൽനടയായോ വാഹനങ്ങൾ ഉപയോഗിച്ചോ ഒഴിപ്പിക്കൽ നടത്താം.
- വാർഡ് 4 – കാരൂർ: വാർഡ് 4-ൽ നിന്നുള്ള ആളുകളെ നിർദിഷ്ട റൂട്ട് പ്ലാൻ അനുസരിച്ച് ഗവ. കോളേജ്, അമ്പലപ്പുഴയിലേക്കോ ഗവ. എൽ.പി. സ്കൂൾ, കഞ്ഞൂർമഠത്തിലേക്കോ നേരിട്ട് മാറ്റണം. സാഹചര്യത്തിനനുസരിച്ച് കാൽനടയായും വാഹനങ്ങൾ ഉപയോഗിച്ചും സുരക്ഷിതമായ ഒഴിപ്പിക്കൽ ഉറപ്പാക്കണം.
- വാർഡ് 5 – പഴയങ്ങാടി: വാർഡ് 5-ൽ നിന്നുള്ള ആളുകളെ ഗവ. കോളേജ്, അമ്പലപ്പുഴയിലേക്കോ ഗവ. എൽ.പി. സ്കൂൾ, കഞ്ഞൂർമഠത്തിലേക്കോ നേരിട്ട് മാറ്റണം. ദൂരം, റോഡിന്റെ സ്ഥിതി, കേന്ദ്രങ്ങളുടെ ശേഷി എന്നിവ വിലയിരുത്തി കാൽനടയായോ വാഹനങ്ങൾ ഉപയോഗിച്ചോ ഒഴിപ്പിക്കൽ നടത്താം.
- വാർഡ് 6 – തയിച്ചിറ: വാർഡ് 6-ൽ നിന്നുള്ള ആളുകളെ നിർദിഷ്ട ഒഴിപ്പിക്കൽ മാർഗ്ഗങ്ങളിലൂടെ ഗവ. കോളേജ്, അമ്പലപ്പുഴയിലേക്കോ ഗവ. എൽ.പി. സ്കൂൾ,

കഞ്ഞൂർമഠത്തിലേക്കോ മാറ്റണം. സാഹചര്യത്തിനനുസരിച്ച് കാൽനടയായും വാഹനങ്ങൾ ഉപയോഗിച്ചും ക്രമബദ്ധമായ ഒഴിപ്പിക്കൽ ഉറപ്പാക്കണം.

- വാർഡ് 7 – നാലുചിറ: വാർഡ് 7-ൽ നിന്നുള്ള ആളുകളെ നിർദിഷ്ട ഒഴിപ്പിക്കൽ മാർഗ്ഗത്തിലൂടെ കരുവാറ്റ സൈക്ലോൺ ഷെൽട്ടറിലേക്ക് നേരിട്ട് മാറ്റണം. ആളുകളുടെ എണ്ണം, റോഡിന്റെ സ്ഥിതി, വാഹനലഭ്യത എന്നിവ പരിഗണിച്ച് കാൽനടയായും വാഹനങ്ങൾ ഉപയോഗിച്ചും ഒഴിപ്പിക്കൽ നടത്താം.
- വാർഡ് 8 – തോട്ടപ്പള്ളി: വാർഡ് 8-ൽ നിന്നുള്ള ആളുകളെ ഒഴിപ്പിക്കൽ റൂട്ട് പ്ലാൻ അനുസരിച്ച് കരുവാറ്റ സൈക്ലോൺ ഷെൽട്ടറിലേക്ക് നേരിട്ട് മാറ്റണം. സാഹചര്യത്തിനനുസരിച്ച് കാൽനടയായോ വാഹനങ്ങൾ ഉപയോഗിച്ചോ സുരക്ഷിതമായ ഒഴിപ്പിക്കൽ ഉറപ്പാക്കണം.
- വാർഡ് 9 – തോട്ടപ്പള്ളി വെസ്റ്റ്: വാർഡ് 9-ൽ നിന്നുള്ള ആളുകളെ ആദ്യം നിശ്ചയിച്ചിട്ടുള്ള അസംബ്ലി പോയിന്റായ അരയന്റെ കാവിൽ എത്തിച്ച് ക്രമമായി ഒത്തുചേരാൻ സൗകര്യമൊരുക്കണം. തുടർന്ന് സാഹചര്യം വിലയിരുത്തി, കാൽനടയായോ വാഹനങ്ങൾ ഉപയോഗിച്ചോ കരുവാറ്റ സൈക്ലോൺ ഷെൽട്ടറിലേക്കോ ചെറുതന സൈക്ലോൺ ഷെൽട്ടറിലേക്കോ മാറ്റണം.
- വാർഡ് 10 – ഹാർബർ: വാർഡ് 10-ൽ നിന്നുള്ള ആളുകളെ നിർദിഷ്ട റൂട്ട് പ്ലാൻ അനുസരിച്ച് കരുവാറ്റ സൈക്ലോൺ ഷെൽട്ടറിലേക്കോ ചെറുതന സൈക്ലോൺ ഷെൽട്ടറിലേക്കോ നേരിട്ട് മാറ്റണം. ദൂരം, റോഡിന്റെ സ്ഥിതി, ഷെൽട്ടറുകളുടെ ശേഷി എന്നിവ പരിഗണിച്ച് കാൽനടയായോ വാഹനങ്ങൾ ഉപയോഗിച്ചോ ഒഴിപ്പിക്കൽ നടത്താം.
- വാർഡ് 11 – സ്പിൽവേ ഈസ്റ്റ്: വാർഡ് 11-ൽ നിന്നുള്ള ആളുകളെ കരുവാറ്റ സൈക്ലോൺ ഷെൽട്ടറിലേക്കോ ചെറുതന സൈക്ലോൺ ഷെൽട്ടറിലേക്കോ നേരിട്ട് മാറ്റണം. സാഹചര്യം വിലയിരുത്തി കാൽനടയായും വാഹനങ്ങൾ ഉപയോഗിച്ചും സുരക്ഷിതമായ ഒഴിപ്പിക്കൽ ഉറപ്പാക്കണം.
- വാർഡ് 12 – ചെണ്ണങ്കര: വാർഡ് 12-ൽ നിന്നുള്ള ആളുകളെ ആദ്യം നിശ്ചയിച്ചിട്ടുള്ള അസംബ്ലി പോയിന്റായ ജി.എച്ച്.എസ്.എസ്., നാലുചിറയിൽ എത്തിച്ച് സുരക്ഷിതമായി ഒത്തുചേരാൻ ക്രമീകരിക്കണം. തുടർന്ന് ആവശ്യമായ നിർദേശങ്ങൾ നൽകി, കാൽനടയായോ വാഹനങ്ങൾ ഉപയോഗിച്ചോ കരുവാറ്റ സൈക്ലോൺ ഷെൽട്ടറിലേക്കോ ചെറുതന സൈക്ലോൺ ഷെൽട്ടറിലേക്കോ മാറ്റണം.
- വാർഡ് 13 – പുറക്കാട് വെസ്റ്റ്: വാർഡ് 13-ൽ നിന്നുള്ള ആളുകളെ ആദ്യം നിശ്ചയിച്ചിട്ടുള്ള അസംബ്ലി പോയിന്റായ പൂന്തല എസ്.വി.എസ്.

കരയോഗത്തിൽ എത്തിച്ച് ക്രമമായി ഒത്തുചേരാൻ സൗകര്യമൊരുക്കണം. തുടർന്ന് ഒഴിപ്പിക്കൽ റൂട്ട് പ്ലാൻ അനുസരിച്ച്, കാൽനടയായോ വാഹനങ്ങൾ ഉപയോഗിച്ചോ ഗവ. എൽ.പി. സ്കൂൾ, കഞ്ഞൂർമഠത്തിലേക്ക് മാറ്റണം.

- വാർഡ് 14 – ആനന്ദേശ്വരം: വാർഡ് 14-ൽ നിന്നുള്ള ആളുകളെ ആദ്യം നിശ്ചയിച്ചിട്ടുള്ള അസംബ്ലി പോയിന്റായ ആനന്ദേശ്വര മഹാദേവ ക്ഷേത്രത്തിൽ എത്തിച്ച് സുരക്ഷിതമായി ഒത്തുചേരാൻ ക്രമീകരിക്കണം. തുടർന്ന് ഉദ്യോഗസ്ഥരുടെയും സന്നദ്ധപ്രവർത്തകരുടെയും നിർദേശപ്രകാരം, കാൽനടയായോ വാഹനങ്ങൾ ഉപയോഗിച്ചോ ഗവ. എൽ.പി. സ്കൂൾ, കഞ്ഞൂർമഠത്തിലേക്ക് മാറ്റണം.
- വാർഡ് 15 – പൂന്തല: വാർഡ് 15-ൽ നിന്നുള്ള ആളുകളെ ആദ്യം നിശ്ചയിച്ചിട്ടുള്ള അസംബ്ലി പോയിന്റായ മാർ സ്ലീവ സീറോ മലബാർ പള്ളിയിൽ എത്തിച്ച് ക്രമമായി ഒത്തുചേരാൻ സൗകര്യമൊരുക്കണം. തുടർന്ന് ആവശ്യമായ നിർദേശങ്ങൾ നൽകി, കാൽനടയായോ വാഹനങ്ങൾ ഉപയോഗിച്ചോ ഗവ. എൽ.പി. സ്കൂൾ, കഞ്ഞൂർമഠത്തിലേക്ക് സുരക്ഷിതമായി മാറ്റണം.
- വാർഡ് 16 – പുത്തൻനട: വാർഡ് 16-ൽ നിന്നുള്ള ആളുകളെ ആദ്യം നിശ്ചയിച്ചിട്ടുള്ള അസംബ്ലി പോയിന്റായ എസ്.വി.ഡി. യു.പി. സ്കൂളിൽ എത്തിച്ച് സുരക്ഷിതമായി ഒത്തുചേരാൻ ക്രമീകരിക്കണം. തുടർന്ന് നിർദിഷ്ട ഒഴിപ്പിക്കൽ മാർഗ്ഗത്തിലൂടെ, കാൽനടയായോ വാഹനങ്ങൾ ഉപയോഗിച്ചോ ഗവ. കോളേജ്, അമ്പലപ്പുഴയിലേക്ക് മാറ്റണം.
- വാർഡ് 17 – പുറക്കാട്: വാർഡ് 17-ൽ നിന്നുള്ള ആളുകളെ ആദ്യം നിശ്ചയിച്ചിട്ടുള്ള അസംബ്ലി പോയിന്റായ പൂന്തല എസ്.വി.എസ്. കരയോഗത്തിൽ എത്തിച്ച് ക്രമമായി ഒത്തുചേരാൻ സൗകര്യമൊരുക്കണം. തുടർന്ന് കാൽനടയായോ വാഹനങ്ങൾ ഉപയോഗിച്ചോ ഗവ. എൽ.പി. സ്കൂൾ, കഞ്ഞൂർമഠത്തിലേക്ക് സുരക്ഷിതമായി മാറ്റണം.
- വാർഡ് 18 – പഞ്ചായത്ത് ഓഫീസ്: വാർഡ് 18-ൽ നിന്നുള്ള ആളുകളെ നിർദിഷ്ട ഒഴിപ്പിക്കൽ മാർഗ്ഗത്തിലൂടെ ഗവ. കോളേജ്, അമ്പലപ്പുഴയിലേക്ക് നേരിട്ട് മാറ്റണം. ആളുകളുടെ എണ്ണം, റോഡിന്റെ സ്ഥിതി, വാഹനലഭ്യത എന്നിവ പരിഗണിച്ച് കാൽനടയായും വാഹനങ്ങൾ ഉപയോഗിച്ചും ഒഴിപ്പിക്കൽ നടത്താം.
- വാർഡ് 19 – ന്യൂ എൽ.പി.എസ്. വാർഡ്: വാർഡ് 19-ൽ നിന്നുള്ള ആളുകളെ ആദ്യം നിശ്ചയിച്ചിട്ടുള്ള അസംബ്ലി പോയിന്റായ പായൽകുളങ്ങര ക്ഷേത്ര മൈതാനത്ത് എത്തിച്ച് സുരക്ഷിതമായി ഒത്തുചേരാൻ ക്രമീകരിക്കണം.

തുടർന്ന് ഒഴിപ്പിക്കൽ റൂട്ട് പ്ലാൻ അനുസരിച്ച്, കാൽനടയായോ വാഹനങ്ങൾ ഉപയോഗിച്ചോ ഗവ. കോളേജ്, അമ്പലപ്പുഴയിലേക്ക് മാറ്റണം.

4.5 പ്രത്യേക സഹായം ആവശ്യമായ വിഭാഗങ്ങൾ (Vulnerable Groups)

സുനാമി ഒഴിപ്പിക്കൽ സമയത്ത് താഴെപ്പറയുന്ന വിഭാഗങ്ങൾക്ക് മുൻഗണനാപൂർവ്വം (Priority Evacuation) സഹായവും സുരക്ഷയും ഉറപ്പാക്കേണ്ടതുണ്ട്:

- വയോജനങ്ങൾ (Senior Citizens)
- ഭിന്നശേഷിക്കാർ (Persons with Disabilities)
- ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും
- ചെറിയ കുട്ടികളും അങ്കണവാടി കുട്ടികളും
- കിടപ്പുരോഗികളും ആശുപത്രികളിലെ രോഗികളും
- സ്കൂൾ വിദ്യാർത്ഥികൾ
- പ്രദേശത്തുള്ള വിനോദസഞ്ചാരികൾ (Tourists)
- ഒറ്റയ്ക്ക് താമസിക്കുന്ന വ്യക്തികൾ

4.5.1. സഹായ സംവിധാനങ്ങൾ:

ഇവരെ സുരക്ഷിതമായി മാറ്റുന്നതിനായി മുൻകൂട്ടി ചുമതലപ്പെടുത്തിയ സന്നദ്ധ പ്രവർത്തകർ, ആശാ (ASHA) പ്രവർത്തകർ, അങ്കണവാടി വർക്കർമാർ, ആരോഗ്യ പ്രവർത്തകർ, ERT അംഗങ്ങൾ, കുടുംബശ്രീ വി. ജി .ബി. പ്രവർത്തകർ എന്നിവർ അടിയന്തര സഹായം നൽകും.

പ്രത്യേകം ശ്രദ്ധിക്കുക: സ്കൂളുകൾ, ആശുപത്രികൾ, അങ്കണവാടികൾ, വയോജന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ അവരുടേതായ പ്രത്യേക ദുരന്തനിവാരണ ഒഴിപ്പിക്കൽ പ്ലാനുകൾ പാലിച്ച് സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറേണ്ടതാണ്.

4.6 സുരക്ഷിത കേന്ദ്രങ്ങളിലെ നടപടിക്രമങ്ങളും ക്രമീകരണങ്ങളും (Post-Evacuation & Shelter Management)

- തുടർന്ന് താമസം: സുരക്ഷിത സംഗമ കേന്ദ്രങ്ങളിൽ എത്തിയശേഷം ജനങ്ങൾ പരിഭ്രാന്തരാകാതെ അധികൃതരുടെ നിർദ്ദേശങ്ങൾ പാലിച്ച് അവിടെ തന്നെ തുടരേണ്ടതാണ്.
- തിരികെ പോകുന്നതിനുള്ള നിയന്ത്രണം: ദുരന്തനിവാരണ അതോറിറ്റിയുടെയും (DDMA/KSDMA) ജില്ലാ ഭരണകൂടത്തിന്റെയും ഔദ്യോഗിക "അപകടം ഒഴിഞ്ഞു" (All Clear) സന്ദേശം ലഭിക്കുന്നതുവരെ ഒരാളും യാതൊരു കാരണവശാലും അപകട മേഖലകളിലേക്കോ വീടുകളിലേക്കോ മടങ്ങാൻ പാടില്ല.
- അടിസ്ഥാന സൗകര്യങ്ങൾ: സുരക്ഷിത കേന്ദ്രങ്ങളിൽ അടിയന്തര കുടിവെള്ളം, പ്രാഥമിക ചികിത്സ (First Aid), ഭക്ഷണം, ശുചിമുറി സൗകര്യങ്ങൾ, വിവരശേഖരണ സേവനങ്ങൾ എന്നിവ പഞ്ചായത്ത്/വില്ലേജ് ഭരണകൂടം ലഭ്യമാക്കും. അടിയന്തര ഘട്ടത്തിൽ ആവശ്യമായ എമർജൻസി കിറ്റ് നിർബന്ധമായും കൈവശം കരുതണം.
- മോക്ക് ഡ്രില്ലുകളും ബോധവൽക്കരണവും: ഈ ഒഴിപ്പിക്കൽ നടപടിക്രമങ്ങളും പാതകളും കൃത്യമായി പരിചയപ്പെടുത്തുന്നതിനായി പഞ്ചായത്ത് തലത്തിൽ കൃത്യമായ ഇടവേളകളിൽ (every 2 years) മോക്ക് ഡ്രില്ലുകളും (Mock Drills) പൊതുജന ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കുന്നതാണ്.

അധ്യായം 5

അടിയന്തര ചുമതലകളും ഉത്തരവാദിത്തങ്ങളും

(Emergency Roles and Responsibilities)

5.1 IRS അടിസ്ഥാനത്തിലുള്ള കമാൻഡ് & ഏകോപന സംവിധാനം

സുനാമി മുന്നറിയിപ്പ് ലഭിക്കുന്ന നിമിഷം മുതൽ അടിയന്തര സാഹചര്യം അവസാനിക്കുന്നതുവരെ ദുരന്ത പ്രതികരണ പ്രവർത്തനങ്ങൾ വേഗത്തിലും ഏകോപിതമായും നടപ്പിലാക്കുന്നതിനായി **ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം (Incident Response System – IRS)** അനുസരിച്ചുള്ള കമാൻഡ്, ഏകോപന-പ്രവർത്തന സംവിധാനങ്ങൾ സജീവമാക്കേണ്ടതാണ്. മുന്നറിയിപ്പ് സ്വീകരിക്കൽ, വിവരവിനിമയം, ജനങ്ങളെ ഒഴിപ്പിക്കൽ, തിരച്ചിലും രക്ഷാപ്രവർത്തനവും, വൈദ്യസഹായം, സുരക്ഷിത സംഗമ/അഭയകേന്ദ്രങ്ങളുടെ മാനേജ്മെന്റ്, ആവശ്യമായ വിഭവങ്ങളുടെ വിന്യാസം എന്നിവ ഓരോ വിഭാഗത്തിനും വ്യക്തമായി നിർവചിച്ച ചുമതലകൾ പ്രകാരം നടപ്പിലാക്കണം. ജില്ലാ, താലൂക്ക് തലങ്ങളിൽ നിലവിലുള്ള IRS സംവിധാനവുമായി ഏകോപിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത്, വില്ലേജ്, പോലീസ്, ഫയർ & റെസ്ക്യൂ, ആരോഗ്യ വകുപ്പ്, വാർഡ് തല ദുരന്തനിവാരണ സമിതികൾ, സിവിൽ ഡിഫൻസ്, പരിശീലനം ലഭിച്ച സന്നദ്ധ സേനകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്.

5.2 അടിയന്തര പ്രതികരണ ടീമുകളുടെ ക്രമീകരണവും ചുമതലകളും (Action-Oriented Task Allocation)

സുനാമി അടിയന്തര സാഹചര്യത്തിൽ ജില്ലാ–താലൂക്ക് തലങ്ങളിൽ നിലവിലുള്ള IRS സംവിധാനവുമായി ഏകോപിച്ച്, ഗ്രാമപഞ്ചായത്ത് തലത്തിൽ താഴെപ്പറയുന്ന പ്രവർത്തന സംഘങ്ങളെയും പിന്തുണാ സംവിധാനങ്ങളെയും സജീവമാക്കേണ്ടതാണ്. ആവശ്യാനുസരണം ടീമുകളുടെ എണ്ണം, ഘടന, ചുമതലകൾ എന്നിവ ദുരന്തത്തിന്റെ വ്യാപ്തിക്ക് അനുസരിച്ച് വികസിപ്പിക്കാവുന്നതാണ്.

5.2.1 അടിയന്തര പ്രതികരണ സേന (Emergency Response Team – ERT)

ഗ്രാമപഞ്ചായത്ത്/വാർഡ് തലത്തിൽ പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി **അടിയന്തര പ്രതികരണ സേന (ERT)** രൂപീകരിക്കേണ്ടതാണ്. സുനാമി മുന്നറിയിപ്പ് ലഭിക്കുന്നതുമുതൽ പ്രാദേശികതലത്തിൽ മുന്നറിയിപ്പ് പ്രചാരണം, ഒഴിപ്പിക്കൽ, തിരച്ചിൽ–രക്ഷാപ്രവർത്തനം, പ്രഥമ ശുശ്രൂഷ, സുരക്ഷിത സംഗമ കേന്ദ്രങ്ങളുടെയും ദുരിതാശ്വാസ ക്യാമ്പുകളുടെയും പ്രവർത്തനങ്ങൾ എന്നിവയിൽ ERT ബന്ധപ്പെട്ട

സർക്കാർ വകുപ്പുകളുമായും IRS സംവിധാനവുമായും ഏകോപിച്ച് പ്രവർത്തിക്കണം. ആവശ്യാനുസരണം ERT അംഗങ്ങളെ വിവിധ പ്രവർത്തന സംഘങ്ങളായി വിന്യസിക്കാവുന്നതാണ്.

ERT-യുടെ പ്രവർത്തന സംഘങ്ങൾ

1. മുന്നറിയിപ്പ് സംഘം
2. തിരച്ചിൽ–രക്ഷാപ്രവർത്തനം & ഒഴിപ്പിക്കൽ സംഘം
3. പ്രഥമ ശുശ്രൂഷ സംഘം
4. ക്യാമ്പ് മാനേജ്മെന്റ് സംഘം

- **മുന്നറിയിപ്പ് ടീം (Early Warning Dissemination Team):**
  - INCOIS, KSDMA, ജില്ലാ/താലൂക്ക് EOC എന്നിവയിൽ നിന്ന് ലഭിക്കുന്ന ഔദ്യോഗിക മുന്നറിയിപ്പുകൾ ഉടൻതന്നെ നിശ്ചിത ആശയവിനിമയ ശൃംഖല വഴി വാർഡ് തലത്തിലും പൊതുജനങ്ങളിലേക്കും എത്തിക്കുക.
  - അടിയന്തര പ്രതികരണ സേന (ERT - Emergency Response Team)
    - ദുരന്തമുണ്ടായാൽ ആദ്യഘട്ടത്തിൽ തന്നെ പ്രതികരിക്കാനും പ്രാദേശികതലത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കാനും പരിശീലനം ലഭിച്ച സന്നദ്ധസംഘം.
  - കടലോര മേഖലകളിൽ മൈക്ക് പ്രഖ്യാപനങ്ങളും വാട്ട്സ്ആപ്പ്/CUG വഴി അടിയന്തര മുന്നറിയിപ്പുകളും അയക്കുക.
- **തിരച്ചിൽ & രക്ഷാപ്രവർത്തന സംഘം (Search & Rescue Team):**
  - ഫയർ & റെസ്ക്യൂ, പോലീസ്/കോസ്റ്റൽ പോലീസ്, സിവിൽ ഡിഫൻസ്, പരിശീലനം ലഭിച്ച ERT/Yuva Aapda Mitra/സന്നദ്ധ പ്രവർത്തകർ എന്നിവരുടെ ഏകോപനത്തിൽ അപകട മേഖലകളിൽ കുടുങ്ങിക്കിടക്കുന്നവരെ കണ്ടെത്തുകയും അടിയന്തരമായി രക്ഷപ്പെടുത്തുകയും ചെയ്യുക.
- **പ്രഥമ ശുശ്രൂഷ & മെഡിക്കൽ സംഘം (Medical & First Aid Team):**
  - സുരക്ഷിത സംഗമ കേന്ദ്രങ്ങളിലും അഭയകേന്ദ്രങ്ങളിലും പ്രഥമ ശുശ്രൂഷാ സൗകര്യം ഒരുക്കുക.
  - അടിയന്തര മരുന്നുകളും ആവശ്യമായ മെഡിക്കൽ സാമഗ്രികളും ലഭ്യമാക്കുക.

- ഗുരുതരമായി പരിക്കേറ്റവരെ ആവശ്യമായ ആരോഗ്യ കേന്ദ്രങ്ങളിലേക്ക് മാറ്റുന്നതിനുള്ള സൗകര്യം ഏകോപിപ്പിക്കുക.

➢ **ക്യാമ്പ് മാനേജ്മെന്റ് സംഘം (Camp Management Team):**

- ദുരന്തസാഹചര്യത്തിൽ ഒഴിപ്പിക്കപ്പെടുന്നവർക്കായി ഒരുക്കുന്ന സുരക്ഷിത സംഗമ കേന്ദ്രങ്ങളും ദുരിതാശ്വാസ ക്യാമ്പുകളും സുരക്ഷിതവും കാര്യക്ഷമവുമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുക. ക്യാമ്പിലെത്തുന്നവരുടെ രജിസ്ട്രേഷൻ, താമസം, ഭക്ഷണം, കുടിവെള്ളം, ശുചിത്വം, പ്രഥമ ശുശ്രൂഷ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏകോപിപ്പിക്കുകയും കുട്ടികൾ, സ്ത്രീകൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ, രോഗികൾ തുടങ്ങിയവർക്ക് പ്രത്യേക പരിഗണന നൽകുകയും വേണം. ആവശ്യമായ സൗകര്യങ്ങളുടെ കുറവ് ബന്ധപ്പെട്ട പഞ്ചായത്ത് ഉദ്യോഗസ്ഥരെയും മറ്റ് അധികാരികളെയും അറിയിച്ച് അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

5.2.2 IRS പിന്തുണാ/ഏകോപന സംവിധാനങ്ങൾ

➢ **കമാൻഡ് / ഏകോപനം (Command and Coordination):**

- അടിയന്തര സന്ദേശം ലഭിച്ചയുടൻ പഞ്ചായത്ത് തല കൺട്രോൾ റൂം/കോ-ഓർഡിനേഷൻ സംവിധാനം സജീവമാക്കി, ബന്ധപ്പെട്ട വാർഡുകളിലെയും പ്രാദേശിക പ്രതികരണ ടീമുകളിലെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും താലൂക്ക്/ജില്ലാ EOC-യുമായി നിരന്തര ആശയവിനിമയം ഉറപ്പാക്കുകയും ചെയ്യുക

➢ **ഒഴിപ്പിക്കൽ & ഗതാഗത നിയന്ത്രണ സംഘം (Evacuation & Traffic Control Team):**

- നിശ്ചിത ഒഴിപ്പിക്കൽ പാതകളിലെ തടസ്സങ്ങൾ നീക്കി ജനങ്ങളെ സുരക്ഷിതമായി നിശ്ചിത ഷെൽട്ടറുകളിലേക്ക് നയിക്കുക.

- പ്രായമായവർ, ഭിന്നശേഷിക്കാർ, കുട്ടികൾ, രോഗികൾ എന്നിവർക്ക് ആവശ്യമായ വാഹന സൗകര്യം കൃത്യസമയത്ത് ലഭ്യമാക്കുക.

➢ **സുരക്ഷാ സംഘം (Safety Team):**

- ദുരന്ത പ്രതികരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ജീവനക്കാരുടെയും സന്നദ്ധ പ്രവർത്തകരുടെയും സുരക്ഷ ഉറപ്പാക്കുക.

- അപകടകരമായ പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് അവിടേക്കുള്ള പ്രവേശനം നിയന്ത്രിക്കുക.
- രക്ഷാപ്രവർത്തനത്തിനിടെ ആവശ്യമായ വ്യക്തിഗത സുരക്ഷാ ഉപകരണങ്ങൾ (PPE) ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കുക.
- പൊതുജനങ്ങളുടെ സുരക്ഷയും സുരക്ഷിത ഒഴിപ്പിക്കൽ പാതകളുടെ ഉപയോഗവും നിരീക്ഷിക്കുക.

➢ **ലോജിസ്റ്റിക്സ് ടീം (Logistics Team):**

- വാഹനങ്ങൾ, ബോട്ടുകൾ, വഞ്ചികൾ, ലൈറ്റുകൾ, ജനറേറ്ററുകൾ, കുടിവെള്ളം, ഭക്ഷണം, മറ്റ് ആവശ്യമായ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുക.
- സംഗമ കേന്ദ്രങ്ങൾക്കും അഭയകേന്ദ്രങ്ങൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുക.
- ആവശ്യമായ വിഭവങ്ങൾ ലഭ്യമല്ലെങ്കിൽ ഉയർന്നതലത്തിലുള്ള EOC/IRS സംവിധാനത്തിലേക്ക് ആവശ്യപ്പെടുക.

➢ **ആസൂത്രണ & വിവരശേഖരണ സംഘം (Planning & Information Team):**

- ദുരന്തബാധിത പ്രദേശങ്ങൾ, ജനസംഖ്യ, ഒഴിപ്പിക്കപ്പെട്ടവരുടെ എണ്ണം, ലഭ്യമായ വിഭവങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക.
- ലഭിക്കുന്ന വിവരങ്ങൾ വിലയിരുത്തി ആവശ്യമായ റിപ്പോർട്ടുകൾ തയ്യാറാക്കുക.
- ഒഴിപ്പിക്കൽ, രക്ഷാപ്രവർത്തനം, ക്യാമ്പ് മാനേജ്മെന്റ് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ആവശ്യമായ **Incident Action Plan (IAP)** തയ്യാറാക്കുന്നതിന് സഹായിക്കുക.
- അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയും ആവശ്യകതയും നിരീക്ഷിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുക.

District Level		
1	Responsible Officer (RO)	Chairperson, DDMA (District Collector)
2	Incident Commander (IC)	Chief Executive Officer, DDMA (Deputy Collector, DM/General)
3	Deputy Incident Commander (DIC)	Assistant Development Commissioner (General) or District Planning Officer
4	Operations Section Chief (OSC)	A Dy. SP nominated by District Police Chief
5	Logistics Section Chief (LSC)	Regional Transport Officer nominated by RO
6	Planning Section Chief (PSC)	Assistant Divisional Fire Officer nominated by District Fire Officer
7	Safety Officer (SO)	A Medical Officer nominated by District Medical Officer
8	Media Officer (MO)	Information Officer (I & PRD) nominated by District Information Officer
9	Liaison Officer (LO)	Junior Superintendent, Natural Calamity
10	Information Officer (IO)	Hazard Analyst, DEOC
Taluk Level		
1	Responsible Officer (RO)	Deputy Collector or equivalent nominated by Chairperson, DDMA
2	Incident Commander (IC)	Tahasildar of the Taluk
3	Deputy Incident Commander (DIC)	Block Development Officer nominated by Assistant Development Commissioner
4	Operations Section Chief (OSC)	A Circle Inspector of Police nominated by District Police Chief
5	Logistics Section Chief (LSC)	Motor Vehicles Inspector nominated by Regional Transport Officer
6	Planning Section Chief (PSC)	Station Officer, Fire and Rescue Services nominated by District Fire Officer
7	Safety Officer (SO)	A Medical Officer nominated by District Medical Officer
8	Media Officer (MO)	Information Officer nominated by District Information Officer (I & PRD)
9	Liaison Officer (LO)	A suitable Village Officer equivalent from the Taluk Office nominated by Tahasildar
10	Information Officer (IO)	A suitable Village Officer equivalent from the Taluk Office nominated by Tahasildar

Table 5.1: ജില്ലാ - താലൂക്ക് തലത്തിലുള്ള IRS ഘടന (source:ഓറഞ്ച് ബുക്ക് 2021)

Sl. No	Functionaries of IRS	Designated Officer
1	Responsible Officer	District Collector & Chairman, DDMA
2	Incident Commander	CEO, DDMA
3	Deputy IC	Jr. Supdt. (Disaster Management)
4	Information & Media Officer	District Information Officer
5	Liaison Officer	Sub Collector & RDO Chengannur
6	Safety Officer	District Fire Officer
7	Operation Section Chief	District Police Chief
8	Staging Area Manager	Jr. Supdt. (Land Acquisition)
9	Response Branch Director	Station Officer Fire And Rescue
10	Transportation Branch Director	RTO
11	Road unit Leader	MVI
12	Rail unit Leader	Station Master, Alappuzha
13	Water unit Leader	DD, Fisheries
14	Air	Designated Officer from Indian Air Force
15	Planning Section Chief	Additional District Magistrate
16	Resource Unit Leader	DDP
17	Situation Unit Leader	Hazard Analyst, DDMA
18	Documentation Unit Leader	District Informatics Associate
19	Demobilization Unit Leader	Huzur Sirasthadar
20	Logistics Section Chief	Deputy Collector (LA)
21	Service Branch Director	ADC (Gen)
22	Communication Unit	DySP, Tele Communications Wing
23	Medical Unit	DMO (Health)
24	Food Unit	Food Safety Officer
25	Support Branch Director	Spl. Tahsildar, (LA) General
26	Resource Provision Unit Leader	Asst. Commandant, AR Camp
27	Facilities Unit Leader	Deputy Collector (Revenue & Recovery)
28	Ground Support Unit Leader	Joint RTO
29	Finance Branch Director	Finance Officer
30	Time Unit Leader	JS F
31	Compensation/ Claim Unit Leader	JS F
32	Procurement &Cost Unit Leader	JS (N)

Table 5.2: ജില്ലാ തലത്തിലുള്ള IRS ഘടന – ആലപ്പുഴ ജില്ലാ (source: IRS Handbook -KSDMA)

INCIDENT RESPONSE SYSTEM (AMBALAPPUZHA TALUK)	
IRS POSITION	**OFFICER DESIGNATED**
Responsible Officer (RO)	RDO,Alappuzha
Incident Commander (IC)	Tahsildar, Ambalappuzha
Deputy Incident Commander (DIC)	BDO, Ambalappuzha
Operations Section Chief (OSC)	Circle Inspector of Police,Alappuzha South
Logistics Section Chief (LSC)	Joint RTO, Alappuzha
Planning Section Chief (PSC)	Station Officer, Fire & Rescue, Alappuzha
Safety Officer (SO)	Medical Officer,DMO(H),Alappuzha
Media Officer (MO)	Information Assistant, Ambalappuzha Block PRD
Information Officer (IO)	Deputy Tahsildar Disaster Management
Liaison Officer (LO)	Headquarters Deputy Tahsildar

Table 5.3: താലൂക്ക് തലത്തിലുള്ള IRS ഘടന –അമ്പലപ്പുഴ താലൂക്ക് (source: IRS Handbook -KSDMA)

5.3 പ്രധാന ഉദ്യോഗസ്ഥരുടെയും നോഡൽ ഓഫീസർമാരുടെയും വിവര പട്ടിക

(Key Officials Contact & Responsibility Matrix)

അടിയന്തര പ്രതികരണങ്ങൾ ഏകോപിപ്പിക്കുന്ന പ്രധാന ഭാരവാഹികളുടെ ചുമതലകളും വിവരങ്ങളും താഴെ കാണുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു:

Table 5.4: അടിയന്തര പ്രതികരണങ്ങൾ ഏകോപിപ്പിക്കുന്ന പ്രധാന ഭാരവാഹികളുടെ ചുമതലകളും വിവരങ്ങളും

ക്രമ നമ്പർ	ചുമതലയുടെ പേര് / വിഭാഗം	ചുമതലയുള്ള ഉദ്യോഗസ്ഥൻ / നോഡൽ ഓഫീസർ	ഫോൺ നമ്പർ (Mobile/CUG)	പ്രധാന ഉത്തരവാദിത്തങ്ങളും നിർദ്ദേശങ്ങളും PDF
1	**അടിയന്തര പ്രവർത്തന ഏകോപകൻ (Responsible Officer)**	ചെയർപേഴ്സൺ DDMA & ജില്ലാ കളക്ടർ	DDMA - 0477 2238630	മൊത്തം ഒഴിപ്പിക്കൽ പ്രവർത്തനങ്ങളുടെ ഏകോപനം, ജില്ലാ EOC

				യുമായി ബന്ധപ്പെടൽ, തീരുമാനങ്ങൾ എടുക്കൽ.
2	**മുന്നറിയിപ്പ് ഉദ്യോഗസ്ഥൻ (Warning Dissemination Officer)**	തഹസിൽദാർ/ പഞ്ചായത്ത് അസി. സെക്രട്ടറി / വില്ലേജ് ഓഫീസർ	പുറക്കാട് വില്ലേജ് ഓഫീസർ - 8547612109 തഹസീൽദാർ അമ്പലപ്പുഴ - 9447495005	INCOIS/KSDMA മുന്നറിയിപ്പ് സ്വീകരിക്കുകയും അലാറം, മൈക്ക്, SMS വഴി പൊതുജനങ്ങളിലേക്ക് എത്തിക്കുകയും ചെയ്യുക.
3	**ഒഴിപ്പിക്കൽ മാർഗ്ഗനിർദ്ദേശ സംഘം (Evacuation Lead)**	സ്റ്റേഷൻ ഓഫീസർ (ഫയർ & റെസ്ക്യൂ) / കോസ്റ്റൽ പോലീസ്	Thakazhy Fire Station- 0477-2275575 STO- 9496155729	ജനങ്ങളെ ശാന്തരായി നിശ്ചിത സുരക്ഷിത പാതകളിലൂടെ സംഗമ കേന്ദ്രങ്ങളിലേക്ക് നയിക്കുക, ഗതാഗതം ക്രമീകരിക്കുക.
4	**തിരച്ചിൽ & രക്ഷാപ്രവർത്തന സംഘം (Search & Rescue Lead)**	സ്റ്റേഷൻ ഓഫീസർ (ഫയർ & റെസ്ക്യൂ) / കോസ്റ്റൽ പോലീസ്/ സിവിൽ ഡിഫൻസ്	Thakazhy Fire Station- 0477-2275575 STO- 9496155729	വെള്ളപ്പൊക്ക/ആഘാത മേഖലകളിൽ കുടുങ്ങിയവരെ രക്ഷപ്പെടുത്തൽ, കാണാതായവരെ തെരയൽ.
5	**പ്രഥമ ശുശ്രൂഷ & ലോജിസ്റ്റിക്സ് ചുമതല (First Aid & Logistics Nodal)**	മെഡിക്കൽ ഓഫീസർ (PHC) / ഹെൽത്ത് ഇൻസ്പെക്ടർ	FHC Purakkad- 9447856372 FHC Thottappally- 9447856372	പ്രാഥമിക ചികിത്സ, പരിക്കേറ്റവരെ ആശുപത്രിയിലാക്കൽ, കുടിവെള്ളം, ഭക്ഷണം, അടിയന്തര മരുന്നുകൾ ഉറപ്പാക്കൽ.
6	**സുരക്ഷിത സംഗമ കേന്ദ്ര / ദുരിതാശ്വാസ ക്യാമ്പ് മാനേജർ (Shelter/Relief Camp Manager)**	ഐ.സി.ഡി.എസ് (ICDS) സൂപ്പർവൈസർ / വില്ലേജ് ഓഫീസർ/LSG സെക്രട്ടറി	9496043653 purakkad secretary kurvatta - 9496043699 ambalappuzha	സംഗമ കേന്ദ്രങ്ങളുടെയും അഭയകേന്ദ്രങ്ങളുടെയും ദിനംപ്രതിയുള്ള പ്രവർത്തനം, റേഷൻ, മാനസിക സാന്ത്വനം എന്നിവ നൽകൽ.

			south - 9496043645	
7	**വിവര & മാധ്യമ ഏകോപന ചുമതല (Information & Media Coordination)**	ഗ്രാമപഞ്ചായത്ത് ഐ.ടി. കോ-ഓർഡിനേറ്റർ/ ടെക്നിക്കൽ അസിസ്റ്റന്റ്	Purakkad Ass. Sec. - 73066 53708 Tech. Ass.-70256 82068	വ്യാജവാർത്തകൾ തടയൽ, ഔദ്യോഗിക സ്ഥിരീകരണ സന്ദേശങ്ങൾ ജനങ്ങളിലേക്കും മാധ്യമങ്ങളിലേക്കും കൈമാറൽ.

5.4 അടിയന്തര ഘട്ട നിർവ്വഹണ പ്രോട്ടോക്കോൾ (Implementation Protocol)

സുനാമി മുന്നറിയിപ്പ് ലഭിക്കുന്നതുമുതൽ അടിയന്തര സാഹചര്യം അവസാനിക്കുന്നതുവരെ, ദുരന്ത പ്രതികരണ പ്രവർത്തനങ്ങൾ മുൻകൂട്ടി നിശ്ചയിച്ചിരിക്കുന്ന ചുമതലകളും ഉത്തരവാദിത്തങ്ങളും അനുസരിച്ച് ഘട്ടംഘട്ടമായി നടപ്പിലാക്കേണ്ടതാണ്. മുന്നറിയിപ്പ് ലഭിക്കൽ, IRS സംവിധാനം സജീവമാക്കൽ, കൺട്രോൾ റൂം/Incident Command Post പ്രവർത്തനം, മുന്നറിയിപ്പ് പ്രചാരണം, ജനങ്ങളുടെ ഒഴിപ്പിക്കൽ, തിരച്ചിലും രക്ഷാപ്രവർത്തനവും, വൈദ്യസഹായം, സുരക്ഷിത സംഗമ കേന്ദ്രങ്ങളുടെയും ദുരിതാശ്വാസ കേന്ദ്രങ്ങളുടെയും പ്രവർത്തനം, ആവശ്യമായ വിഭവങ്ങളുടെ വിന്യാസം എന്നിവ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പ്രതികരണ ടീമുകളും തമ്മിലുള്ള ഏകോപനത്തോടെ നടപ്പിലാക്കണം. ഓരോ ഘട്ടത്തിലും ലഭിക്കുന്ന വിവരങ്ങൾ യഥാസമയം മേൽനിലയിലുള്ള നിയന്ത്രണ സംവിധാനത്തിലേക്ക് കൈമാറുകയും, ആവശ്യമായ അധിക വിഭവങ്ങൾ താലൂക്ക്/ജില്ലാ തല സംവിധാനങ്ങളിൽ നിന്ന് ആവശ്യപ്പെടുകയും വേണം. അടിയന്തര പ്രവർത്തനങ്ങൾ പൂർത്തിയായ ശേഷം വിന്യസിച്ച ജീവനക്കാരെയും സന്നദ്ധ പ്രവർത്തകരെയും ഘട്ടംഘട്ടമായി പിൻവലിക്കുകയും ഉപയോഗിച്ച സാമഗ്രികളുടെയും ഉപകരണങ്ങളുടെയും കണക്കെടുപ്പ് നടത്തുകയും വേണം.

1. **Incident Command Post / Control Room സജീവമാക്കൽ**:
   Incident Commander/ബന്ധപ്പെട്ട അധികാരിയുടെ നിർദ്ദേശപ്രകാരം അനുയോജ്യമായ സ്ഥലത്ത് Incident Command Post (ICP) / Control Room സജീവമാക്കി, എല്ലാ വിഭാഗങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ ഏകോപിപ്പിക്കുകയും

തീരുമാനങ്ങളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട ടീമുകളിലേക്ക് കൈമാറുകയും ചെയ്യണം.

2. **ചുമതല ഏറ്റെടുക്കൽ:** സുനാമി റെഡ് അലേർട്ട് സന്ദേശം സന്ദേശ ശൃംഖല വഴി ലഭിച്ചയുടൻ, മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും തങ്ങളുടെ പ്രതികരണ സംവിധാനങ്ങൾ സജീവമാക്കി അടിയന്തര ചുമതലകൾ സ്വയം ഏറ്റെടുക്കേണ്ടതാണ്.

3. **കൺട്രോൾ റൂം ഏകോപനം:** നിയോഗിക്കപ്പെട്ട പഞ്ചായത്ത് ഉദ്യോഗസ്ഥരും വോളന്റിയർ ടീം ലീഡർമാരും തങ്ങളുടെ വിവരങ്ങൾ തത്സമയം കൺട്രോൾ റൂമിലേക്ക് കൈമാറുകയും, വിഭവങ്ങളുടെ അഭാവമുണ്ടെങ്കിൽ അടിയന്തരമായി ജില്ലാ ദുരന്തനിവാരണ അതോറിറ്റിയെ (DDMA) അറിയിക്കുകയും വേണം.

അധ്യായം 6

ദുരന്താനന്തര നടപടികൾ

(Post-Disaster Actions)

സുനാമി തിരമാലകൾ കരയിലേക്ക് അടിച്ചു കയറി പിൻവാങ്ങിയ ശേഷവും വലിയ അപകട സാധ്യതകൾ നിലനിൽക്കുന്നുണ്ട്. തകർന്ന കെട്ടിടങ്ങൾ, വൈദ്യുത ലൈനുകൾ, കുടിവെള്ള സ്രോതസ്സുകളിലെ മലിനീകരണം, പകർച്ചവ്യാധി സാധ്യതകൾ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. അതിനാൽ ആഘാതത്തിന് ശേഷമുള്ള ഓരോ ഘട്ടവും ശാസ്ത്രീയമായി കൈകാര്യം ചെയ്യേണ്ടതുണ്ട്.

6.1 അപകടം അവസാനിച്ചതിനുശേഷമുള്ള നടപടിക്രമം (All-Clear Protocol & Safe Return)

ദുരന്താനന്തര സാഹചര്യത്തിൽ ഏറ്റവും നിർണ്ണായകമായ ഒന്നാണ് പ്രദേശവാസികൾ എപ്പോൾ സ്വന്തം വീടുകളിലേക്ക് മടങ്ങണം എന്നത് നിശ്ചയിക്കൽ.

- **സന്ദേശത്തിനായുള്ള കാത്തിരിപ്പ്:** സുനാമി തിരമാലകൾ തുടർച്ചയായി ഒന്നിലധികം തവണ വരാൻ സാധ്യതയുള്ളതിനാൽ, കടൽ ശാന്തമായി എന്ന് തോന്നിയാലും പൊതുജനങ്ങൾ സുരക്ഷിത സംഗമ കേന്ദ്രങ്ങളിൽ തന്നെ തുടരേണ്ടതാണ്.
- **ഔദ്യോഗിക പ്രഖ്യാപനം:** സംസ്ഥാന അടിയന്തര പ്രവർത്തന കേന്ദ്രം (SEOC) അല്ലെങ്കിൽ ജില്ലാ കളക്ടർ മുഖേന **"അപകടം പൂർണ്ണമായി ഒഴിഞ്ഞു" (All-Clear Signal)** എന്ന ഔദ്യോഗിക പ്രഖ്യാപനം ലഭിച്ചതിനുശേഷം മാത്രമേ ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്നും സ്വന്തം പ്രദേശങ്ങളിലേക്ക് മടങ്ങാൻ പാടുള്ളൂ.
- **വീടുകളിലേക്ക് മടങ്ങുന്നതിന് മുൻപുള്ള പ്രാഥമിക പരിശോധന (Safety Evaluation):**
    1. തകർന്ന റോഡുകളും പാലങ്ങളും വഴി യാത്ര സുരക്ഷിതമാണോ എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ (LSGD/PWD) വിലയിരുത്തൽ നടത്തണം.
    2. പ്രദേശത്തെ വൈദ്യുത ലൈനുകൾ, ട്രാൻസ്ഫോർമറുകൾ എന്നിവ പൂർണ്ണമായും ഓഫ് ആണെന്ന് കെ.എസ്.ഇ.ബി (KSEB) ഉദ്യോഗസ്ഥർ ഉറപ്പാക്കണം.

3. സമുദ്രജലം കയറി മലിനമായ കുടിവെള്ള കിണറുകളും പൈപ്പ് ലൈനുകളും ക്ലോറിനേറ്റ് ചെയ്ത് വൃത്തിയാക്കുന്നതുവരെ അത് ഉപയോഗിക്കരുത്.

6.2 ദുരന്താനന്തര പുനരധിവാസ പ്രവർത്തനങ്ങൾ (Post-Disaster Recovery & Rehabilitation)

സുനാമി ഭീഷണി ഒഴിഞ്ഞയുടൻ പഞ്ചായത്ത് ഭരണസമിതിയും വിവിധ വകുപ്പുകളും ചേർന്ന് ഇനിപ്പറയുന്ന വീണ്ടെടുപ്പ് പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്:

1. **പ്രാഥമിക നാശനഷ്ട വിലയിരുത്തൽ (Damage Assessment):**
    - ജീവഹാനി, ആളുകൾക്ക് സംഭവിച്ച പരിക്കുകൾ, വീടുകളുടെയും സ്വത്തുക്കളുടെയും തകർച്ച, മൃഗങ്ങളുടെ നഷ്ടം എന്നിവയുടെ കണക്കുകൾ വില്ലേജ് ഓഫീസറും പഞ്ചായത്തും ചേർന്ന് തിട്ടപ്പെടുത്തുക.
2. **കാണാതായവർക്കായുള്ള വിവരശേഖരണം (Missing Persons Search):**
    - ബന്ധുക്കളുടെ പരാതികൾ സ്വീകരിച്ച് പോലീസുമായും റെസ്ക്യൂ ടീമുകളുമായും ചേർന്ന് അന്വേഷണം വിപുലീകരിക്കുക.
3. **ആരോഗ്യവും രോഗപ്രതിരോധ പ്രവർത്തനങ്ങളും (Public Health & Hygiene):**
    - വെള്ളക്കെട്ടുകളിൽ മരുന്നുകൾ തളിക്കുകയും, വയോജനങ്ങൾക്കും കുട്ടികൾക്കും പ്രതിരോധ മരുന്നുകൾ നൽകുകയും ചെയ്യുക.
    - ദുരന്തത്തിന്റെ മാനസികാഘാതം കുറയ്ക്കുന്നതിനായി പ്രൊഫഷണൽ കൗൺസിലിംഗ് (Psychosocial Support) ലഭ്യമാക്കുക.
4. **അടിസ്ഥാന സൗകര്യങ്ങൾ പുനഃസ്ഥാപിക്കൽ (Restoration of Infrastructure):**
    - ഗതാഗത തടസ്സങ്ങൾ നീക്കുക, കുടിവെള്ള വിതരണം താൽക്കാലികമായി ടാങ്കറുകൾ വഴി എത്തിക്കുക, വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കുക.
5. **സാമ്പത്തിക ആശ്വാസവും സമാശ്വാസ പാക്കേജും:**
    - ദുരന്തബാധിതർക്ക് സർക്കാരിൽ നിന്നും ദുരന്തനിവാരണ ഫണ്ടിൽ നിന്നും (SDRF) ലഭിക്കേണ്ട നഷ്ടപരിഹാര തുക വേഗത്തിൽ ലഭ്യമാക്കാനുള്ള ശുപാർശകൾ സമർപ്പിക്കുക.

അധ്യായം 7

സജ്ജീകരണങ്ങളും പരിശീലനങ്ങളും

(Capacity Building, Drills & Plan Review)

7.1. സജ്ജീകരണങ്ങളും പരിശീലനങ്ങളും അവലോകനവും (Capacity Building, Drills & Plan Review)

ഒരു ദുരന്ത പ്രതികരണ പ്ലാൻ പ്രായോഗിക തലത്തിൽ വിജയകരമാകണമെങ്കിൽ നിരന്തരമായ പരിശീലനങ്ങളും കാലാനുസൃതമായ പുതുക്കലുകളും അത്യാവശ്യമാണ്.

- **സുനാമി മോക്ക് ഡ്രില്ലുകൾ (Tsunami Mock Drills):**
  - കുറഞ്ഞത് രണ്ട് വർഷത്തിലൊരിക്കൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുമായി ചേർന്ന് വാർഡ് തലത്തിൽ തത്സമയ സുനാമി ഒഴിപ്പിക്കൽ മോക്ക് ഡ്രിൽ സംഘടിപ്പിക്കണം.
- **പൊതുജന ബോധവൽക്കരണം (Public Awareness Campaign):**
  - വർഷത്തിൽ 3 പ്രാവശ്യമെങ്കിലും ജനങ്ങൾക്കായി പ്രത്യേക ബോധവൽക്കരണവും മുന്നറിയിപ്പ്, പ്രകൃതി ലക്ഷണങ്ങളുടെ വിശദീകരണവും നൽകുക.
- **പ്രത്യേക ലക്ഷ്യ വിഭാഗങ്ങൾക്കുള്ള പരിശീലനം (Targeted Training):**
  - സ്കൂൾ കുട്ടികൾ, അധ്യാപകർ, മത്സ്യത്തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ, ആശാ വർക്കർമാർ എന്നിവർക്കായി പ്രഥമ ശുശ്രൂഷയിലും അടിയന്തര ഒഴിപ്പിക്കലിലും പ്രത്യേക പരിശീലനം നൽകുക.
- **സൂചനാ ബോർഡുകൾ പരിപാലിക്കൽ (Signage Maintenance):**
  - പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള "സുനാമി ഒഴിപ്പിക്കൽ പാതകൾ" (Evacuation Routes), "സുരക്ഷിത സംഗമ കേന്ദ്രങ്ങൾ" (Safe Assembly Points) എന്നിവ വ്യക്തമാക്കുന്ന ബോർഡുകൾ തടസ്സമില്ലാതെ ദൃശ്യമാണെന്ന് ഉറപ്പുവരുത്തുകയും കേടുപാടുകൾ കൃത്യമായി തീർക്കുകയും ചെയ്യുക.
- **പ്ലാൻ അപ്ഡേറ്റിംഗും അവലോകനവും (Annual Review of the Plan):**
  - ഓരോ വർഷവും സുനാമി പ്ലാൻ അവലോകനം ചെയ്യുകയും, പുതിയ ഫോൺ നമ്പറുകൾ,സുരക്ഷിത കെട്ടിടങ്ങൾ, വാർഡ് സമിതി അംഗങ്ങളുടെ മാറ്റങ്ങൾ എന്നിവ ഉൾപ്പെടുത്തി പ്ലാൻ അപ്ഡേറ്റ് ചെയ്യുകയും ചെയ്യേണ്ടതാണ്.

7.2 പുറക്കാട് പഞ്ചായത്ത് : പരിശീലനങ്ങളും മോക്ക് ഡ്രില്ലുകളും

- **സുനാമി പ്രീ മോക്ക് ഡ്രില്ലുകൾ :**

പ്രീ മോക്ക്ഡ്രിൽ ആസൂത്രണ യോഗവും ഫീൽഡ് സന്ദർശനവും - പുറക്കാട്

ഇന്ന് പുറക്കാട് ഗ്രാമപഞ്ചായത്തിൽ ബന്ധപ്പെട്ട വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് പ്രീ മോക്ക്ഡ്രിൽ ആസൂത്രണ യോഗവും തുടർന്ന് ഫീൽഡ് സന്ദർശനവും നടന്നു. മോക്ക്ഡ്രില്ലിന്റെ തീയതികളും സ്ഥലവും യോഗത്തിൽ അന്തിമമായി തീരുമാനിച്ചു.

ടേബിൾ ടോപ്പ് മീറ്റിംഗ്: 09/09/2026, രാവിലെ 11:00 AM (സ്ഥലം: ഗ്രാമപഞ്ചായത്ത് ഹാൾ)

മോക്ക്ഡ്രിൽ: 10/09/2026, വൈകുന്നേരം 3:00 PM (സ്ഥലം: വാർഡ് 13)

ഫീൽഡ് സന്ദർശനം: പഞ്ചായത്ത് ഭരണസമിതിയും വിവിധ വകുപ്പ് ഉദ്യോഗസ്ഥരും ചേർന്ന് വാർഡ് 13-ലെ മോക്ക്ഡ്രിൽ സ്ഥലം നേരിട്ട് സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി.







- **പൊതുജന ബോധവൽക്കരണം**

  ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമപഞ്ചായത്തിൽ Tsunami Ready Recognition Programme-ന്റെ ഭാഗമായി ഒഴിപ്പിക്കൽ പാതകൾ, അസംബ്ലി പോയിന്റുകൾ, മറ്റ് തയ്യാറെടുപ്പ് സംവിധാനങ്ങൾ എന്നിവ നേരിട്ട് പരിശോധിക്കുന്നതിനായി ഫീൽഡ് സന്ദർശനവും നടത്തി. ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും വിവിധ പങ്കാളികളുടെയും സജീവ സഹകരണത്തോടെ പരിപാടി വിജയകരമായി പൂർത്തീകരിച്ചു.







- **പൈലറ്റ് ടേബിൾടോപ്പ് എക്സർസൈസ്**

  2024 നവംബർ 6

പുറക്കാട് ഗ്രാമപഞ്ചായത്ത് ഹാളിൽ ടേബിൾടോപ്പ് എക്സർസൈസ് സംഘടിപ്പിച്ചു. ഡെപ്യൂട്ടി കളക്ടർ (ദുരന്തനിവാരണം) ശ്രീ. പ്രേംജിത്ത് സി., പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എ.എസ്. സുദർശനൻ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ, ആരോഗ്യവകുപ്പ്, പൊതുമരാമത്ത് വകുപ്പ്, കെ.എസ്.ഇ.ബി., ജല അതോറിറ്റി, സ്കൂൾ പ്രതിനിധികൾ, പ്രാദേശിക ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

- **Participatory Rural Appraisal(PRA)**

2024 ഡിസംബർ 15–20

കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ **സെന്റർ ഫോർ ഡിസാസ്റ്റർ സ്റ്റഡീസ്**, ആലപ്പുഴ ജില്ലാ ദുരന്തനിവാരണ അതോറിറ്റി, പുറക്കാട് ഗ്രാമപഞ്ചായത്ത് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പരിപാടി സംഘടിപ്പിച്ചു. ട്രാൻസെക്ട് വാക്ക്, ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ (FGD), അപകടസാധ്യതാ വിലയിരുത്തൽ, ഡിജിറ്റൽ ജി.ഐ.എസ്. അധിഷ്ഠിത ഒഴിപ്പിക്കൽ ഭൂപടനിർമ്മാണം, വാർഡ് 9-ലെ ഏകദേശം **300 വീടുകൾ ഉൾപ്പെടുത്തിയ ഭവനസന്ദർശനം** എന്നിവ നടത്തി.





.

- **School safety**

  2024 നവംബർ

തിരഞ്ഞെടുത്ത അഞ്ച് സ്കൂളുകളിൽ സ്കൂൾ സുരക്ഷാ–ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. ബോധവത്കരണ കളികൾ, ലഘുനാടകങ്ങൾ, കലാപരിപാടികൾ എന്നിവയിലൂടെ സുനാമി മുന്നൊരുക്കം, ഒഴിപ്പിക്കൽ നടപടികൾ, പ്രഥമശുശ്രൂഷ, അടിയന്തര സുരക്ഷാ മാർഗനിർദേശങ്ങൾ എന്നിവ വിദ്യാർഥികൾക്ക് പരിചയപ്പെടുത്തി.




- **സുനാമി മോക്ക് ഡ്രില്ലുകൾ (Tsunami Mock Drills):**

  2024 നവംബർ 26, രാവിലെ 10.30

  ആലപ്പുഴ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ പുറക്കാട് ഗ്രാമപഞ്ചായത്തിലെ ഒൻപതാം വാർഡിൽ മോക് ഡ്രിൽ സംഘടിപ്പിച്ചു. വിദ്യാർഥികൾ ഒഴിപ്പിക്കൽ പ്രവർത്തനങ്ങളിൽ പങ്കെടുത്ത് വയോധികരെ സ്ട്രെച്ചറുകളിൽ മാറ്റുന്നതിനും ആംബുലൻസ് ഗതാഗതത്തിനും സഹായിച്ചു. പ്രദേശവാസി കളെ കമ്മ്യൂണിറ്റി ഹാളിലെ സുരക്ഷിത അഭയകേന്ദ്രത്തിലേക്ക് നയിക്കുകയും ഭക്ഷണം, കുടിവെള്ളം, വൈദ്യസഹായം എന്നിവ ക്രമീകരിക്കുകയും മോക് ഡ്രില്ലിന് ശേഷമുള്ള അവലോകനത്തിൽ പങ്കെടുക്കുകയും ചെയ്തു.






- **സൂചനാ ബോർഡുകൾ :**

പുറക്കാട് ഗ്രാമപഞ്ചായത്ത് | സുനാമി റെഡി പ്രോഗ്രാം

🌊 Tsunami Information Boards Installation Completed

UNESCO-IOC–INCOIS Tsunami Ready Programme-ന്റെ ഭാഗമായി പുറക്കാട് ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സുനാമി ഇൻഫർമേഷൻ ബോർഡുകളുടെ സ്ഥാപിക്കൽ പ്രവർത്തനം ഇന്ന് (11/08/2026) KELTRON ടീമിന്റെ നേതൃത്വത്തിൽ വിജയകരമായി പൂർത്തീകരിച്ചു.







ശുപാർശകൾ:

1. INCOIS മാനദണ്ഡപ്രകാരം പുറക്കാട് ഗ്രാമപഞ്ചായത്ത് സുനാമി വെള്ളപ്പൊക്ക സാധ്യതാമേഖലയിൽ ഉൾപ്പെടുന്നു. പഞ്ചായത്തിൽ നിലവിൽ സ്വന്തമായി സൈറൺ സംവിധാനം ഇല്ലാത്തതിനാൽ, മുന്നറിയിപ്പ് ആശയവിനിമയം കൂടുതൽ വിശ്വസനീയവും സ്വയംപര്യാപ്തവുമാക്കുന്നതിനായി പഞ്ചായത്തിന്റേതായ KaWaCHaM സൈറൺ സ്ഥാപിക്കാൻ ശുപാർശ ചെയ്യുന്നു.

2. പഞ്ചായത്തിലെ പൊതുജനങ്ങളെ NDMA-യുടെ CAP SACHET മുൻകരുതൽ മുന്നറിയിപ്പ് സംവിധാനത്തെക്കുറിച്ച് ബോധവൽക്കരിക്കുകയും, സ്മാർട്ട്ഫോൺ ഉപയോഗിക്കുന്ന മുഴുവൻ ആളുകളെയും SACHET ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

NDMA CAP SACHET ദേശീയ ദുരന്തനിവാരണ അതോറിറ്റി (NDMA) വികസിപ്പിച്ചെടുത്ത സമഗ്രമായ ഒരു കേന്ദ്രീകൃത ദുരന്ത മുന്നറിയിപ്പ് സംവിധാനമാണ് CAP SACHET. ദുരന്ത സാധ്യതകളെക്കുറിച്ചുള്ള ഔദ്യോഗിക വിവരങ്ങൾ SMS, മൊബൈൽ ആപ്ലിക്കേഷൻ, വെബ് പോർട്ടൽ എന്നിവ വഴി തത്സമയം പൊതുജനങ്ങളിലേക്കും അടിയന്തര സേവന വിഭാഗങ്ങളിലേക്കും എത്തിക്കാൻ ഈ സംവിധാനം സഹായിക്കുന്നു.

Common Alert Protocol (CAP) അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഈ പ്ലാറ്റ്ഫോം, ദുരന്തബാധിത പ്രദേശങ്ങളിൽ കൃത്യമായി (Geo-targeted) പ്രാദേശിക ഭാഷയിൽ മുന്നറിയിപ്പുകൾ ലഭ്യമാക്കുന്നു. അടിയന്തര സാഹചര്യങ്ങളിൽ മൊബൈൽ ഫോണുകളിൽ പ്രത്യേക ശബ്ദ സന്ദേശത്തോടും അലേർട്ട് സ്ക്രീനോടും കൂടിയാണ് സന്ദേശങ്ങൾ പ്രദർശിപ്പിക്കുന്നത്.

- **വെബ് പോർട്ടൽ:** sachet.ndma.gov.in
- **Android ആപ്പ്:** bit.ly/3Fb3Osz
- **iOS ആപ്പ്:** apple.co/3ywcV3f

അവലംബം:

Orange Book of Disaster Management 1 – Standard Operations Procedures (SOP) & Emergency Supports Functions Plan (ESFP) 2020

Orange Book of Disaster Management 2 – Monsoon Preparedness and Response Guidelines 2026 (കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ- മലയാളം പതിപ്പ്) – Edition 8- Orange Book 2026

https://sdma.kerala.gov.in/incident-response-system-3/

https://sdma.kerala.gov.in/wp-content/uploads/2021/08/IRS-handbook-malayalam-jjg.pdf

https://sdma.kerala.gov.in/wp-content/uploads/2021/06/ERT-handbook-draft-220621-jjg.pdf

https://sdma.kerala.gov.in/wp-content/uploads/2025/06/TALUK-DIRECTORY.pdf

തയ്യാറാക്കിയത് :

പുറക്കാട് പഞ്ചായത്ത് കമ്മിറ്റി

DCALP/8975/2024-DMC1 I/399249/2026

ഭരണഭാഷ-മാതൃഭാഷ

DCALP/8975/2024/DMC-1

കളക്ടറേറ്റ് ആലപ്പുഴ
ഫോൺ: 0477-2251676,2252580
ഇ-മെയിൽ: ddmaalp@gmail.com
cru.dcalp@kerala.gov.in
തീയതി-29-10-2026

ജില്ലാ കളക്ടർ
ആലപ്പുഴ

മെമ്പർ സെക്രട്ടറി
സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, തിരുവനന്തപുരം

സർ,

വിഷയം :- ദുരന്തനിവാരണം - സർക്കാരിന്റെ 100 ദിന കർമ്മ പരിപാടി -UNESCO-INCOIS-KSDMA - സുനാമി റെഡി. പദ്ധതി സുനാമി അടിയന്തിര പ്രതികരണ പദ്ധതിയുടെ കരട് അംഗീകരിച്ചത് സംബന്ധിച്ച.

സൂചന :- 1) അങ്ങയുടെ 22 / 07 / 2026 തീയതിയിലെ DMII/408/2022/SDMA-KSDMA നം കത്ത്

2) പുറക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29/09/2026 ലെ 7108565/2026 നം കത്ത്.

3) 23/10/2026 ന് ചേർന്ന ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗതീരുമാനം

മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും യുനെസ്കോ, ഇന്ത്യൻ നാഷണൽ സെൻറർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് എന്നീ ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുടെ സംയുക്ത നേതൃത്വത്തിൽ നടപ്പിലാക്കുന്ന സുനാമി അതിജീവനം പരിപാടിയുടെ ഭാഗമായ പുറക്കാട് ഗ്രാമപഞ്ചായത്തിൻറ സുനാമി അടിയന്തിര പ്രതികരണ പദ്ധതിയുടെ കരട് സൂചന (2) പ്രകാരം പുറക്കാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയും, സൂചന (3) പ്രകാരമുള്ള ഡി ഡി എം എ യോഗത്തിലും അംഗീകരിച്ചിട്ടുള്ളതാണ്. ടി വിവരം തുടർനടപടികൾക്കായി സമർപ്പിച്ച് കൊള്ളുന്നു. സൂചന (1), (2) കത്തുകൾ, സൂചന (3) DDMA യോഗതീരുമാനം എന്നിവ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Digitally signed by Biju S
Date: 29-10-2026 15:32:56

വിശ്വസ്തതയോടെ
ജില്ലാ കളക്ടർക്കുവേണ്ടി
DEPUTY COLLECTOR

ഉള്ളടക്കം - സൂചന (1), (2) കത്തുകൾ, സൂചന (3) DDMA യോഗതീരുമാനം

* ഇത് കംപ്യൂട്ടർ ജനറേറ്റ് ചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവശ്യമില്ല *

ഭരണഭാഷ-മാതൃഭാഷ



പുറക്കാട് ഗ്രാമ പഞ്ചായത്ത്
പിൻ കോഡ്- 688561 ഫോൺ നമ്പർ : 0477-2272031
ഇമെയിൽ : purakkadgp@gmail.com

നമ്പർ: 7108565-2026 **തീയതി : 29-09-2026**

പ്രേഷകൻ

സെക്രട്ടറി
പുറക്കാട് ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്

ബഹു ജില്ലാ കളക്ടർ
കളക്ട്രേറ്റ്
ആലപ്പുഴ

സർ,

വിഷയം: പുറക്കാട് ഗ്രാമപഞ്ചായത്ത് - സുനാമി അടിയന്തിര പ്രതികരണ പദ്ധതി 2026 അംഗീകരിച്ചത് സംബന്ധിച്ച്

സൂചന: 1. പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 18/09/2026 തീയതിയിലെ 20(1) നമ്പർ തീരുമാനം

പുറക്കാട് ഗ്രാമപഞ്ചായത്തിന്റ സുനാമി അടിയന്തിര പ്രതികരണ പദ്ധതി 2026 പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 18/09/2026 തീയതിയിലെ 20(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ടെന്ന വിവരം അങ്ങയുടെ അറിവിലേക്കും തുടർനടപടികൾക്കുമായി റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ

Signature Not Verified
Digitally signed by Gifty J
Date: 2026.09.29 10:17:00 IST
Reason: KSMART

സെക്രട്ടറി